# ഈസാൽ സവാബ്:

## മരണപ്പെട്ടവർക്ക്
## പ്രയോജനം ലഭിക്കുന്ന നന്മകൾ
## ചെയ്യുക

അബൂഉമാമ ഹസനി

പ്രസാധനം
സയ്യിദ് ഹസനി അക്കാദമി
ദാറുൽഉലൂം ഇസ്‌ലാമിയ്യ
ഓച്ചിറ,കൊല്ലം

اللّٰهُـمّ اغْفِـرْ لَهُ ، وَارْحَمْـهُ ، وَعَافِهِ ، وَاعْفُ عَنْـهُ ، وَأَكْـرِمْ نُزُلَـهُ، وَوَسِّـعْ مُدْخَـلَهُ، وَاغْسِلْـهُ بِالْمَـاءِ وَالثَّـلْجِ وَالْبَـرَدِ، وَنَقِّـهِ مِنَ الْخَطَـايَا كَمَا نَـقَّيْتَ الـثَّوْبَ الأَبْيَـضَ مِنَ الدَّنَـسِ،وَأَبْـدِلْهُ دَارًا خَـيْرًا مِنْ دَارِهِ، وَأَهْلًا خَـيْرًا مِنْ أَهْلِـهِ، وَزَوْجًا خَـيْرًا مِنْ زَوْجِهِ، وَأَدْخِـلْهُ الْجَـنَّةَ، وَأَعِـذْهُ مِنْ عَذَابِ الْقَـبْرِ وَعَذَابِ النَّـارِ○

അല്ലാഹുവേ, ഈ മയ്യിത്തിന് നീ പൊറുത്തു കൊടുക്കുകയും കരുണ ചൊരിയുകയും ചെയ്യേണമേ! സൗഖ്യവും മാപ്പും നൽകേണമേ! ഈ മയ്യിത്തിനെ നല്ല നിലയിൽ സൽകരിക്കേണമേ! ഈ മയ്യിത്തിന്റെ ഖബ്ർ നീ വിശാലമാക്കേണമേ! വെള്ളവും മഞ്ഞും ആലിപ്പഴവും കൊണ്ട് നീ ഈ മയ്യിത്തിനെ കഴുകി ശുദ്ധിയാക്കേണമേ! അഴുക്കിൽ നിന്നും വെള്ള വസ്ത്രങ്ങൾ ശുദ്ധിയാക്കപ്പെടുന്നത് പോലെ ഈ മയ്യിത്തിനെ നീ പാപങ്ങളിൽ നിന്നും ശുദ്ധിയാക്കേണമേ! ദുൻയാവിൽ ഈ മയ്യിത്തിന് നിലവിലുള്ള വീടിനേക്കാൾ ഉയർന്ന വീടും, കുടുംബത്തേക്കാൾ ഉന്നത കുടുംബവും, ഇണയേക്കാൾ ഉത്തമ ഇണയും നീ നൽകേണമേ! ഈ മയ്യിത്തിനെ സ്വർഗത്തിൽ കടത്തുകയും ഖബ്റിന്റെയും നരകത്തിന്റെയും ശിക്ഷയെ തൊട്ട് കാക്കുകയും ചെയ്യണമേ! (മുസ്‌ലിം, ഇബ്നു മാജ, നസാഈ)

---

# EESAAL SAWAB

BY: ABU UMAMA HASANI
PUBILISHER: SAYYIDHASANI ACADEMY,
DARUL ULOOM OACHIRA
PH: 7736723639

# ബിസ്മില്ലാഹ്....

എല്ലാവരോടും കരുണയുള്ളവനും ഏറ്റവും വലിയ കാരുണ്യ വാനുമായ അല്ലാഹു, നാം ഓരോരുത്തർക്കും നൽകിയ മഹത്തായ അനുഗ്രഹവും സുവർണ്ണാവസരവുമാണ് ഇഹലോക ജീവിതം. ഇത് വളരെ ഹ്യസ്വമായതിനോടൊപ്പം അങ്ങേയറ്റം നിർണ്ണായകവുമാണ്. ഇതിനെ പ്രയോജനപ്പെടുത്തി സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും പാപങ്ങൾ വർജ്ജിക്കുകയും ചെയ്തവർ മഹാഭാഗ്യവാന്മാരാണ്. ഇവർക്ക് ഇഹലോകത്ത് സമാ ധാനവും പരലോകത്ത് സമുന്നത വിജയവും ലഭിക്കുന്നതാണ്. സത്യവിശ്വാസം, സൽകർമ്മം, ദോഷബാധയെ സൂക്ഷിക്കൽ ഇവ മൂന്നും പ്രധാന കാര്യങ്ങളാണെങ്കിലും ഇതിൽ ഏറ്റവും മുഖ്യമായത് സത്യവിശ്വാസം സ്വീകരിക്കലും മഹാപാപമായ നിഷേധം വർജ്ജി ക്കലുമാണ്. ഈ രണ്ട് കാര്യങ്ങൾ ഉൾക്കൊണ്ട വ്യക്തി മരണപ്പെട്ടാ ലും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ബന്ധുമിത്രങ്ങൾക്ക് ധാരാളം നന്മകൾ ചെയ്യാനും അവയുടെ പ്രതിഫലം എത്തിച്ച് കൊടുക്കാനും സാധിക്കുന്നതാണ്. ഈ കർമ്മം മരണപ്പെട്ട് പോയവർക്ക് വളരെയ ധികം ഗുണം ചെയ്യുന്നതിനോടൊപ്പം ഇത് നിർവ്വഹിക്കുന്നവർക്കും ഉന്നത പ്രതിഫലങ്ങൾ ലഭിക്കാൻ കാരണമാകുന്നതുമാണ്.

ഇത് അല്ലാഹുവിന്റെ എത്ര വലിയ കരുണയും ഔദാര്യ വുമാണ്.? നമ്മുടെ ബന്ധുമിത്രങ്ങൾ നമ്മിൽ നിന്നും വിടപറഞ്ഞ് പരലോകത്തിലേക്ക് യാത്രയാകുമ്പോൾ ഒരു ഭാഗത്ത് അവർക്ക് അധികമായി സേവന-സഹായങ്ങൾ ചെയ്തിട്ടില്ലാ എന്ന ദു:ഖം നമ്മെ വേട്ടയാടും. മറുഭാഗത്ത് അല്ലാഹുവിലേക്ക് യാത്രയായ ദാസൻ ഓരോ നന്മകളെയും ആഗ്രഹിക്കുകയും പ്രതിഫലത്തെ കൊതിക്കുകയും ചെയ്യുന്നതാണ്. ഇത് രണ്ടിനും ഇസ്ലാം നിർദ്ദേശിക്കുന്ന വളരെ മഹത്തരമായ പരിഹാരമാണ് ഈസ്വാൽ സ്വവാബ്. പരിശുദ്ധ

ഖുർആനും പുണ്യഹദീസുകളും ഇതിനെ പ്രേരിപ്പിക്കുന്നതിനോടൊപ്പം സ്വഹാബത്ത് മുതലുള്ള എല്ലാ മഹത്തുക്കളും വളരെ ശ്രദ്ധയോടെയും താൽപ്പര്യത്തോടെയും ഇത് അനുഷ്ഠിക്കുകയും ചെയ്തു.

പിശാചിന്റെ ആദ്യത്തെ പരിശ്രമം, നാം ആരും നന്മകൾ ചെയ്യരുതെന്നാണ്. ഈ വിഷയത്തിൽ അവരെ പരാജയപ്പെടുത്തി മുമ്പോട്ട് വരുമ്പോൾ അവൻ നടത്തുന്ന മറ്റൊരു പരിശ്രമമാണ് നന്മകളെ നാശമാക്കുക എന്നത്. ഈ വിഷയത്തിലും, ഈ രണ്ട് പരിശ്രമങ്ങൾ അവൻ നടത്തുകയും നമ്മിൽ പലരെയും പരാജയപ്പെടുത്തുകയും ചെയ്തുവെന്നത് ഒരു യാഥാർത്ഥ്യമാണ്. നമ്മെക്കുറിച്ച് തന്നെ ശാന്തമായി ചിന്തിക്കുക. ഒന്നുങ്കിൽ നമ്മിൽ നിന്നും വിടപറഞ്ഞ മർഹൂമുകൾക്ക് നാം ഒരു നന്മയും ചെയ്യുന്നില്ല. അല്ലെങ്കിൽ ചെയ്യുന്ന നന്മകളെ ആചാരങ്ങളും അനാചാരങ്ങളും ചിലവേള, ഹറാമുകളും കൊണ്ട് നശിപ്പിക്കുന്നു. മരിച്ച് പോയവരുടെ അനന്തര സ്വത്ത് വീതിക്കാതെ അതിൽ നിന്നും ആചാരങ്ങൾക്കുവേണ്ടി ചിലവഴിക്കുന്നത് അതിലൊന്നാണ്.

മഹാനായ മുർഷിദ് ശൈഖ് മുസ്തഫാ രിഫാഈ പ്രസ്താവിക്കുന്നു: അല്ലാഹു ഈ സമുദായത്തിൽ നൽകിയ അമൂല്യമായ രണ്ട് നന്മകളാണ് ഈസ്വാൽ സ്വവാബും ഖബ്ർ സിയാറത്തും. ഇവ രണ്ടും വളരെ ലളിതമായതിനോടൊപ്പം അങ്ങേയറ്റം പ്രതിഫലങ്ങൾ നിറഞ്ഞതുമാണ്. ഉദാഹരണത്തിന്, പതിനായിരം മർഹൂമുകൾ അടങ്ങിയ ഒരു ഖബ്ർസ്ഥാനിൽ പോയി ഖബ്റാളികൾക്ക് ആദരവോടെ സലാം പറഞ്ഞാൽ പതിനായിരം പ്രതിഫലമായിരിക്കും ലഭിക്കുക. (സിയാറത്തെ ഖുബൂർ)

അല്ലാമാ റഷീദ് അഹ്മദ് ഗംഗോഹി رحمه الله കുറിക്കുന്നു: നൂറ് രൂപ ദാനം ചെയ്ത് അതിന്റെ പ്രതിഫലം മുഴുവൻ മുഅ്മിനുകൾക്കും എത്തിക്കണമെന്ന് ദുആ ചെയ്താൽ മുഴുവൻ മുഅ്മിനുകളും നൂറ് രൂപ വീതം ദാനം ചെയ്ത കൂലി അവർക്ക് ലഭിക്കുന്നതും അത്രയും നൂറ് രൂപകളുടെ പ്രതിഫലം ദാനം ചെയ്ത വ്യക്തിക്ക് ലഭിക്കുന്നതുമാണ്. (ഫത്താവാ റഷീദിയ്യാ).

സുബ്ഹാനല്ലാഹ്, അല്ലാഹുവിന്റെ എത്രവിശാലമായ ഔദാര്യമാണിത്.! പക്ഷേ, ഇത് നമ്മിൽ എത്രപേർ ചെയ്യുന്നുണ്ട്. ചെയ്യുന്നവർക്കിടയിൽ എന്തെല്ലാം അനാചാരങ്ങൾ പ്രചരിച്ചിരിക്കുന്നു.

ചുരുക്കത്തിൽ, നാം ഈ രണ്ട് തെറ്റുകളും തിരുത്തുക.

നമ്മിൽ നിന്നും മരണപ്പെട്ട് പോയ ബന്ധുമിത്രങ്ങളെ സദാ ഓർക്കുക. അവർക്ക് സേവന-സഹായങ്ങൾ ചെയ്യുന്നതിൽ നാം വലിയ കുറവ് വരുത്തിയിട്ടുണ്ടെന്നും അവർ ഓരോ നന്മയെയും അങ്ങേയറ്റം കൊതിച്ച് കൊണ്ടിരിക്കുകയാണെന്നും ഓർക്കുക.

താഴെ കൊടുക്കുന്ന നന്മകൾ കഴിവിന്റെ പരമാവധി നല്ല നിലയിൽ പ്രവർത്തിക്കുക. നാമും ഇന്നല്ലെങ്കിൽ നാളെ മരിക്കേണ്ടവരാണെന്നും നമുക്കും നന്മകൾ ആവശ്യമാണെന്നും ഉണരുക. നാം മറ്റുള്ളവരോട് വർത്തിക്കുന്നതുപോലെ നമ്മോടും മറ്റുള്ളവർ പെരുമാറുന്നതാണ്. ആകയാൽ ഇവിടെ മരണപ്പെട്ട് പോയവർക്കും ജീവിച്ചിരിക്കുന്നവർക്കും ഒരുപോലെ മഹത്തരമായ പ്രതിഫലം ലഭിക്കുന്ന ഏതാനും കാര്യങ്ങളെക്കുറിച്ചുള്ള സുപ്രധാന കുറിപ്പുകളാണ് ഇവിടെ കൊടുക്കുന്നത്... ഇവ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും അല്ലാഹു ഉതവി നൽകട്ടെ.!

വിശിഷ്യാ മരണം സംഭവിക്കുന്ന വീടുകളിൽ ഈ രചനയുടെ ഏതാനും കോപ്പികൾ എത്തിച്ച് കൊടുക്കുക. ഇന്ന് പലജനാസകൾക്കും ധാരാളം ആളുകൾ കൂടുകയും മരണവും മയ്യിത്തുമായി ബന്ധിപ്പിച്ച് പല പരിപാടികൾ നടത്തപ്പെടുകയും ചെയ്യുന്നുണ്ട്. പക്ഷേ, നിയമ മര്യാദകൾ പാലിക്കാത്തതിനാൽ നന്മ ലഭിക്കുന്നില്ല എന്ന് മാത്രമല്ല, ധാരാളം സമയവും സമ്പത്തും ചിലവഴിച്ചിട്ടും തിന്മകൾ സമ്പാദിക്കുന്ന അവസ്ഥകൾ പോലും സംജാതമാകുന്നു.

അല്ലാഹുവേ, ഞങ്ങൾക്കും ഞങ്ങളിൽ നിന്നും മരണപ്പെട്ട് പോയവർക്കും പൊറുത്ത് തരേണമേ. ഞങ്ങളുടെ അവസ്ഥകൾ നന്നാക്കേണമേ. മനസ്സുകളിൽ സത്യവിശ്വാസവും ഉത്തമ വിജ്ഞാനവും കനിയേണമേ. അല്ലാഹുവേ, ഞങ്ങളോടും ഞങ്ങളിൽ നിന്നും മരണപ്പെട്ടവരോടും കരുണ കാട്ടണേ. രോഗികളുടെ രോഗങ്ങൾക്ക് ശമനം നൽകേണമേ. ബിറഹ്മത്തിക്ക യാ അർറഹ്മർറാഹിമീൻ.

അബൂ ഉമാമ ഹസനി
ദാറുൽ ഉലൂം ഇസ്‌ലാമിയ്യ,
ഓച്ചിറ, കൊല്ലം.

# മയ്യിത്തിന്റെ ബന്ധുമിത്രങ്ങളോട്...

## 1. കരച്ചിലും ദുആയും

ബന്ധുമിത്രങ്ങളുടെ വേർപാട്, മനസ്സിന് ദു:ഖമുണ്ടാക്കുക സ്വഭാവികമാണ്. എന്നാൽ ഇത് പരിധി വിടാതിരിക്കാനും നിയമത്തിന്റെ ഉള്ളിൽ ഒതുങ്ങാനും ശ്രദ്ധിക്കേണ്ടതാണ്. അലമുറയിട്ട് കരയുന്നതും അനാവശ്യ വാക്കുകൾ വിളിച്ച് പറയുന്നതും തെറ്റാണ്. ഉമറുൽ ഫാറൂഖ് ﵁ ന് നമസ്കാരത്തിൽ വെച്ച് കുത്തേൽക്കുകയും ശഹാദത്തിലേക്ക് നീങ്ങുകയും ചെയ്തപ്പോൾ മകൾ ഉമ്മുൽ മുഅ്മിനീൻ ഹഫ്സ ﵂ അൽപ്പം ശബ്ദത്തിൽ നിലവിളിച്ചുപോയി. ഉടനെ ഉമറുൽ ഫാറൂഖ് ﵁ തന്നെ പ്രസ്താവിച്ചു: ഇങ്ങനെ അലറിക്കരയുന്നതുകൊണ്ട് ശിക്ഷ ലഭിക്കുമെന്ന് റസൂലുല്ലാഹി ﷺ അരുളിയത് നീ കേട്ടിട്ടില്ലേ.? ശേഷം ആത്മമിത്രമായ സുഹൈബ് ﵁ വന്നപ്പോഴും അവസ്ഥ കണ്ട് ശബ്ദത്തിൽ നിലവിളിച്ചുപോയി. ഉടനെ ഉമർ ﵁ പറഞ്ഞു: സുഹൈബേ, അലമുറയിട്ടുള്ള കരച്ചിൽ ശിക്ഷയ്ക്ക് കാരണമാണെന്ന് നിനക്ക് അറിഞ്ഞുകൂടെ.(ബുഖാരി-മുസ്ലിം)

ഇതിന്റെ അർത്ഥം മയ്യിത്തിന്റെ മേൽ കരയാനേ പാടില്ലെന്നോ മരണവീടുകളിൽ പൊട്ടിച്ചിരിയും മറ്റും നടത്താമെന്നോ അല്ല. റസൂലുല്ലാഹി ﷺ കരഞ്ഞിട്ടുണ്ട്. മകൻ ഇബ്റാഹീം ﵁ മരണപ്പെട്ടപ്പോൾ റസൂലുല്ലാഹി ﷺ യുടെ നയനങ്ങൾ നിറഞ്ഞൊഴുകി. മകളുടെ കുഞ്ഞിന്റെ അന്ത്യനിമിഷം കണ്ടപ്പോഴും കണ്ണുനീർ വാർക്കുകയുണ്ടായി. (ബുഖാരി-മുസ്ലിം).

ഈ കണ്ണുനീർ കണങ്ങൾ അല്ലാഹുവിന്റെ കാരുണ്യമാണ്. കൂടാതെ, ഇതിലൂടെ ദുആകൾക്ക് സ്വീകാര്യത വരുന്നതുമാണ്. ആകയാൽ ഇത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിനോട് മർഹൂമിനും കുടുംബത്തിനും എല്ലാവർക്കും വേണ്ടി ദുആ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2. ആശ്വസിക്കുക, ആശ്വസിപ്പിക്കുക

മരണം പോലുള്ള ദു:ഖവേളകളിൽ അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെടുകയും സ്വയം സഹിക്കുകയും ദു:ഖിതരെ ക്ഷമയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുക. കാരുണ്യവാനായ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുകയും മരണപ്പെട്ടവരെക്കുറിച്ച് സദ്ഭാവന പുലർത്തുകയും ചെയ്യുക. മാത്രമല്ല, ആരെങ്കിലും മരണത്തിലേക്ക് നീങ്ങുന്നതായി അനുഭവപ്പെട്ടാൽ അവർക്കും അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷ പകർന്ന് കൊടുക്കേണ്ടതാണ്. റസൂലുല്ലാഹി ﷺ അരുളി: നിങ്ങൾ ഓരോരുത്തരുടെയും മരണം അല്ലാഹുവിനോട് ഉത്തമ പ്രതീക്ഷ പുലർത്തിക്കൊണ്ടായിരിക്കണം. (മുസ്ലിം). ഖുദ്സിയ്യായ ഒരു ഹദീസിൽ വന്നിരിക്കുന്നു: അല്ലാഹു അറിയിക്കുന്നു: എന്റെ ദാസൻ എന്നെക്കുറിച്ച് ഭാവിക്കുന്നതുപോലെ ഞാൻ അവനോട് വർത്തിക്കുന്നതാണ്.

മരിക്കാൻ പോകുന്നവർക്ക് ഇപ്രകാരം നല്ല ഭാവനകൾ പകർന്ന് കൊടുക്കുകയും അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷിപ്പിക്കുകയും തൗബ-ഇസ്തിഗ്ഫാറിലേക്ക് തിരിക്കുകയും ചെയ്യുക. മരണം സമാഗതമായെന്ന് മനസ്സിലായാൽ പുണ്യകലിമ ചൊല്ലിക്കൊണ്ടിരിക്കുക. ചൊല്ലുക എന്ന് പറയരുത്. റസൂലുല്ലാഹി ﷺ അരുളി: ആരുടെയെങ്കിലും അവസാന വാക്യം ലാ ഇലാഹ ഇല്ലല്ലാഹ് എന്നതായാൽ അവൻ സ്വർഗ്ഗത്തിൽ കടക്കുന്നതാണ്. (ഇബ്നുഹിബ്ബാൻ).

ഇപ്രകാരം മയ്യിത്തിന്റെ ബന്ധുക്കളെയും ആശ്വസിപ്പിക്കുക. അല്ലാഹുവിന്റെ വിധിയിൽ സംതൃപ്തരാകാനും അല്ലാഹുവിന്റെ തീരുമാനത്തിലെ, നല്ലവശങ്ങൾ ഓർക്കാനും പ്രേരിപ്പിക്കുക. ഈ വിഷയത്തിൽ റസൂലുല്ലാഹി ﷺ പഠിപ്പിച്ച ആശയ-സമ്പുഷ്ടമായ വചനം അവരോട് പറയുക. കുറഞ്ഞ പക്ഷം ഇത്രയും പറയുക: അല്ലാഹു താങ്കൾക്ക് ഉന്നത പ്രതിഫലവും സമാധാനവും മയ്യിത്തിന് മാപ്പും നൽകട്ടെ.! ഇതിന് തഅ്സിയത്ത് (അനുശോചനം) എന്ന് പറയപ്പെടുന്നു. ഇത് വളരെ പ്രധാനപ്പെട്ട സുന്നത്തും പുണ്യം നിറഞ്ഞ കർമ്മവുമാണ്. റസൂലുല്ലാഹി ﷺ അരുളി: ആരെങ്കിലും നാശനഷ്ടത്തിൽ അകപ്പെട്ടവരെ ആശ്വസിപ്പിച്ചാൽ അവർക്ക് ലഭി

ക്കുന്നത് പോലെയുള്ള പ്രതിഫലം ലഭിക്കുന്നതാണ്. (മിശ്കാത്ത്). എന്നാൽ ഇത് മരണത്തിന്റെ മൂന്ന് ദിവസത്തിനുള്ളിൽ നിർവ്വഹിച്ചാൽ മതിയാകുന്നതാണെന്ന് ഓർക്കുക.

## 3. ജനാസ സംസ്കരണം

വളരെയധികം പ്രതിഫലമുള്ള ഒരു കർമ്മമാണിത്. റസൂലുല്ലാഹി ﷺ അരുളി: അല്ലാഹുവിന്റെ പൊരുത്തവും പ്രതിഫലവും കരുതിക്കൊണ്ട് ആരെങ്കിലും മയ്യിത്ത് സംസ്കരണത്തിൽ ആദ്യം മുതൽ അവസാനംവരെ പങ്കെടുക്കുന്നവന്, രണ്ട് ഉഹ്ദ് മലയുടെ അത്രയും സ്വർണ്ണം ദാനം ചെയ്ത പ്രതിഫലവും, നമസ്കാരത്തിൽ മാത്രം പങ്കെടുക്കുന്നവന് ഒരു ഉഹ്ദ് മലയുടെ പ്രതിഫലവും ലഭിക്കുന്നതാണ്. (ബുഖാരി). ഈ ഹദീസിൽ അല്ലാഹുവിന്റെ പൊരുത്തവും പ്രതിഫലവും കരുതിക്കൊണ്ട് എന്ന പ്രയോഗം വളരെയധികം ശ്രദ്ധേയമാണ്.

ഇമാം ഇബ്നു ഹജർ رحمه الله പ്രസ്താവിക്കുന്നു: മയ്യിത്ത് സംസ്കരണത്തിൽ പങ്കെടുക്കുന്നത് മൂന്ന് രീതിയിലാണ്. 1. ജനങ്ങളെ കാണിക്കാൻ വേണ്ടി. ഇതിന് ഒരു പ്രതിഫലവും ലഭിക്കുന്നതല്ല. മറിച്ച് ശിക്ഷയുണ്ടാകുന്നതാണ്. 2. ഇദ്ദേഹം ചെയ്ത ഉപകാരത്തിന് പ്രത്യുകപകാരം എന്ന നിലയിൽ. ഇതിന് പ്രത്യുപകാരത്തിന്റെ പ്രതിഫലം ലഭിക്കുമെങ്കിലും ഉപര്യുക്ത പ്രതിഫലം ലഭിക്കുന്നതല്ല. 3. പടച്ചവന്റെ പൊരുത്തത്തെ കരുതി പടച്ചവന് പൊരുത്തമായ നിലയിൽ പ്രവർത്തിക്കുക. ഇതിന് മേൽപ്പറയപ്പെട്ട പ്രതിഫലം ലഭിക്കുന്നതാണ്. (ഫത്ഹുൽ ബാരി). ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവിടെ ചുരുക്കി കൊടുക്കുന്നു.

അല്ലാഹുവിന്റെ ഉന്നതമായ പൊരുത്തവും പ്രതിഫലവും ലക്ഷ്യമിടുകയും പടച്ചവന് പൊരുത്തമായ കാര്യങ്ങൾ മാത്രം പ്രവർത്തിക്കുകയും ചെയ്യുക.

മയ്യിത്തിന്റെ കണ്ണുകൾ തുറന്നിരിക്കുകയാണെങ്കിൽ ദുആ ചെയ്തുകൊണ്ട് തിരുമ്മി അടയ്ക്കുക. കൈകാലുകളുടെ സന്ധികൾ മയപ്പെടുത്തുക. താടി കെട്ടിവെക്കുകയും കാലുകൾ ചേർത്തുവെക്കുകയും ചെയ്യുക.

മയ്യിത്തിനെ കുളിപ്പിക്കുന്നത് വലിയ പുണ്യകർമ്മമാണ്. പക്ഷേ, ആവശ്യമില്ലാതെ കുളിപ്പിക്കുന്ന സ്ഥലത്ത് നിൽക്കരുത്.

അവിടെ കുളിപ്പിക്കുന്ന ആളും സഹായിയും മാത്രമേ ഉണ്ടാകാവൂ.

കഫൻ പുടവ ധരിപ്പിക്കുമ്പോഴും ആവശ്യമുണ്ടെങ്കിൽ സഹായിക്കുക. മയ്യിത്തിനെ ചുമക്കുന്നത് വലിയ പുണ്യമാണ്. കഴിയുന്നത്ര ഇവയിൽ പങ്കെടുക്കുക. അനുവാദമുള്ളവർക്ക് മയ്യിത്തിനെ കാണാവുന്നതാണ്. പക്ഷേ, ജനാസ പിന്താനും തിക്കും തിരക്കും ഉണ്ടാവാനും ഇടയാകരുത്. വിശിഷ്യാ മയ്യിത്തിന്റെ അടുത്ത ബന്ധുക്കൾക്ക് കാണാൻ അവസരം നൽകേണ്ടതാണ്.

വളരെ അത്യാവശ്യമില്ലാതെ അഭിപ്രായം പറയാതിരിക്കുക. വിശിഷ്യാ ചികിത്സ, മരണം മുതലായ കാര്യങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ ഉപേക്ഷിക്കുക. എല്ലാവരും കഴിയുന്നത്ര ഖുർആൻ പാരായണം, ദിക്ർ, ദുആ മുതലായ നന്മകളിൽ മുഴുകുക. വീടിനുള്ളിൽ തിരക്കുണ്ടാക്കുകയും ബഹളത്തിന് വഴിവെക്കുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കുക.

## 4. ജനാസ നമസ്കാരം

മയ്യിത്തിനും നമുക്കും ഏറ്റവും കൂടുതൽ പ്രതിഫലം ലഭിക്കുന്ന ഒന്നാണ് മയ്യിത്ത് നമസ്കാരം. മയ്യിത്ത് നമസ്കാരത്തിൽ കഴിയുന്നത്ര പങ്കെടുക്കേണ്ടതാണ്. യാത്രക്കിടയിൽ മയ്യിത്ത് നമസ്കാരം കണ്ടാൽ വണ്ടി നിറുത്തി അതിൽ കൂടുക. പ്രത്യേകിച്ചും ഹറമുകളിൽ നടക്കുന്ന ജനാസ നമസ്കാരങ്ങളിൽ പ്രത്യേകം പങ്കെടുക്കേണ്ടതാണ്. സദ്‌വൃത്തരായ ആളുകളെ പങ്കെടുപ്പിക്കാൻ പരിശ്രമിക്കണം. റസൂലുല്ലാഹി ﷺ അരുളി: അല്ലാഹുവിനോട് പങ്കുചേർക്കാത്ത നാൽപ്പത് പേർ, ഒരു മയ്യിത്തിന്റെ മേൽ നിസ്കരിച്ചാൽ അല്ലാഹു അവരുടെ ശുപാർശ സ്വീകരിക്കുന്നതാണ്. (മുസ്‌ലിം). എന്നാൽ ആളുകൾ കൂടുന്നതിനുവേണ്ടി മയ്യിത്ത് നമസ്കാരം അമിതമായി പിന്തിപ്പിക്കുകയും ചെയ്യരുത്.

ജനാസ നമസ്കാരം കഴിയുന്നത്ര നല്ല നിലയിൽ നിർവ്വഹിക്കുക. അതിന്റെ ദുആകൾ പഠിച്ചു പാരായണം ചെയ്യുക. മയ്യിത്ത് നിസ്കാരം നാല് തക്ബീറുകളാണ്. ഒന്നാമത്തെ തക്ബീറിന് ശേഷം ഫാത്തിഹയും രണ്ടാമത്തെ തക്ബീറിന് ശേഷം ഇബ്റാഹീമീ സ്വലാത്തും ഓതേണ്ടതാണ്. മൂന്നാമത്തെ തക്ബീറിന് ശേഷം മയ്യിത്ത് നമസ്കാരത്തിലെ പ്രധാന ഭാഗമായ ദുആയാണ്. ദൗർഭാഗ്യവശാൽ പലർക്കും ഇത് അറിയില്ല. അടുത്ത പേജിൽ

പ്രസ്തുത ദുആ കൊടുക്കുന്നുണ്ട്. അത് കൈയ്യിൽ പിടിച്ചുകൊണ്ട് പത്തിരുപത് മയ്യിത്ത് നമസ്കാരങ്ങളിൽ പാരായണം ചെയ്താൽ അത് കാണാതെ പഠിക്കാൻ സാധിക്കുന്നതാണ്.

## 5. തദ്ഫീൻ

പുരുഷൻമാർ ഖബറിന്റെ അരികിൽ വരെ അനുഗമിക്കുകയും അടക്കിയ ശേഷം കുറേനേരം ദിക്ർ-ദുആകളിൽ മുഴുകുകയും ചെയ്യുക. എന്നാൽ മരണപ്പെട്ട അന്യസ്ത്രീകളെ ഖബ്റടക്കുന്ന നേരം അന്യപുരുഷന്മാർ മാറി നിൽക്കേണ്ടതും അടക്കിയ ശേഷം വന്ന് ദിക്ർ-ദുആകൾ ചെയ്യേണ്ടതുമാണ്.

അംറുബ്നൽ ആസ് ﷺ വിയോഗ നേരം ഇപ്രകാരം വസ്വിയ്യത്ത് ചെയ്തു: എന്റെ മരണം സംഭവിച്ചാൽ അലമുറയിട്ട് കരയുന്ന ആരും എന്റെ ജനാസയോടൊപ്പം നടക്കരുത്. എന്നെ ഖബ്റടക്കി കഴിഞ്ഞാൽ നന്നായിട്ട് മണ്ണിട്ട് മൂടുക. എനിക്ക് ഇണക്കമുണ്ടാകുന്നതിനും രക്ഷിതാവിന്റെ ദൂതന്മാർക്ക് ശരിയുത്തരം നൽകുന്നതിനും ഒരു ഒട്ടകത്തെ അറുത്ത് മാംസം വിതരണം ചെയ്യപ്പെടുന്ന അത്രയും നേരം എന്റെ ഖബ്റിനരികിൽ നിന്ന് നിങ്ങൾ ദുആ ഇരക്കുക.!

## 6. കടമകൾ നിർവ്വഹിക്കുക

മനുഷ്യർക്ക് രണ്ടുവിഭാഗം കടമകളാണുള്ളത്. ഒന്ന്, അല്ലാഹുവിനോടുള്ള കടമകൾ. രണ്ട്, അടിമകളോടുള്ള കടമകൾ. ഇവകൾ കടമകളായതിനാൽ നിർവ്വഹിച്ചാൽ ഉന്നത പ്രതിഫലവും നിർവ്വഹിച്ചില്ലെങ്കിൽ വലിയ ശിക്ഷയും ഉണ്ടാകുന്നതാണ്. എന്നാൽ ഇവകൾ പൂർത്തീകരിക്കുന്നതിൽ പൊതുവിൽ വീഴ്ചകൾ സംഭവിക്കാറുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, കാരുണ്യവാനായ അല്ലാഹു മരണാനന്തരവും ഇത് നിർവ്വഹിക്കാനുള്ള മാർഗ്ഗങ്ങൾ വെച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഏറ്റവും ലളിതവും ശക്തവുമായ ഒരു വഴിയാണ് വസിയ്യത്ത് എഴുതി ഒരാളെ ഏൽപ്പിക്കുക എന്നത്. ഇദ്ദേഹത്തിന് വസിയ്യ് എന്ന് പറയപ്പെടുന്നു. റസൂലുല്ലാഹി ﷺ അരുളി: വസിയ്യത്ത് ചെയ്യേണ്ട എന്തെങ്കിലുമുള്ള വ്യക്തി, വസിയ്യത്ത് എഴുതി വെക്കാതെ രണ്ട് രാത്രി പോലും കഴിച്ച് കൂട്ടാൻ പാടില്ല. (മുസ്ലിം). വസിയ്യത്ത് പത്രത്തിൽ പൊതുഉപദേശങ്ങൾ കൂടാതെ, ഉപരിസൂചിത രണ്ട് വിഷയങ്ങളിൽ വന്ന വീഴ്ചകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, സമ്പത്തിന്റെ മൂന്നിലൊ

ന്നിൽ കുറഞ്ഞ തുക ഏതെങ്കിലും നല്ലവഴിയിൽ ചിലവഴിക്കാനും വസിയ്യത്ത് ചെയ്യേണ്ടതാണ്. മാതൃകാപരമായ ഒരു വസിയ്യത്ത് പത്രം ഇവിടെ ഉദ്ധരിക്കുന്നു:

## മാതൃകാ വസിയ്യത്ത് പത്രം

അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു. അല്ലാഹുവിന് സ്തുതി കീർത്തനങ്ങൾ.! റസൂലുല്ലാഹി ﷺക്ക് സ്വലാത്ത് -സലാമുകൾ. ഇത് ഇന്നയാളുടെ മകനായ ഇന്നയാളുടെ വസിയ്യത്ത് പത്രമാകുന്നു.

അല്ലാഹുവല്ലാതെ ആരാധനക്കർഹൻ ആരുമില്ലെന്നും മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും മരണം, ലോകാവസാനം, പരലോകം, സ്വർഗ്ഗം, നരകം ഇവ സത്യമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അല്ലാഹുവിനെ ഭയന്ന് സൂക്ഷ്മതയോടെ ജീവിക്കണമെന്ന് എന്റെ സന്താനങ്ങളോടും കുടുംബത്തോടും സുഹൃത്തുക്കളോടും ഞാൻ ഉപദേശിക്കുന്നു. പരസ്പരം സ്നേഹവും, സാഹോദര്യവും, ബന്ധവും നിലനിറുത്തണമെന്നും ഉണർത്തുന്നു. ഞാനോ മറ്റാരെങ്കിലുമോ വിട്ടിട്ട് പോയ പണത്തിന്റെ പേരിൽ ഭിന്നിക്കരുത്. ഇഹലോകം ഈച്ചയുടെ ചിറകിനേക്കാൾ നിസ്സാരമാണ്. കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. പരസ്പര ബന്ധം ചേർക്കുകയും സന്ദർശിച്ച് കൊണ്ടിരിക്കുകയും വേണം. ഇത് തന്നോടുള്ള ബന്ധം നിലനിറുത്തലാണ്. ഞാൻ ബന്ധപ്പെട്ടിട്ടുള്ള എല്ലാവരോടും പൊരുത്തം ചോദിക്കുന്നു. നിങ്ങളും അവരോട് എനിക്ക് വേണ്ടി പൊരുത്തം ചോദിക്കുക.

അല്ലാഹു എനിക്ക് നൽകിയ സമ്പത്തിന്റെ മൂന്നിൽ ഒരു ഭാഗം അല്ലാഹുവിന് വേണ്ടി ദാനം ചെയ്യുന്നു. ഇതിനെ വഖഫ് സ്വത്തിലോ നിലനിൽക്കുന്ന ദാനത്തിലോ ചേർ

ക്കേണ്ടതാണ്. ഇതിന്റെ വരുമാനം രണ്ട് ഭാഗമാക്കണം. ഒന്ന്, വഖഫ് സ്വത്തിന്റെ വളർച്ചക്ക് ചിലവഴിക്കുക. രണ്ട് മസ്ജിദ്-മദ്റസ നിർമാണം, രചനാ പ്രസിദ്ധീകരണം, സാധുക്കൾക്ക് ആഹാര-വസ്ത്രങ്ങൾ, അനാഥ-വിധവക ളുടെ ആവശ്യങ്ങൾ, പ്രബോധക-പണ്ഡിതരുടെ വീട്ട് കാര്യങ്ങൾ, കിണർ കുഴിക്കൽ, യാത്രക്കാർക്ക് കുടിവെള്ള വിതരണം മുതലായ നൻമകളുടെ വഴികളിൽ ചിലവഴിക്കുക. ഇക്കൂട്ടത്തിൽ ഏറ്റവും ആവശ്യമുള്ളവരും അർഹരുമായ സന്താനങ്ങളേയും എന്റെ കുടുംബാംഗങ്ങളെയും പ്രത്യേകം പരിഗണിക്കേണ്ടതാകുന്നു. ഇക്കാര്യങ്ങളെല്ലാം നോക്കി നടത്താൻ ഇന്നയാളെ ചുമതലപ്പെടുത്തി 'വസ്വിയ്യ്' ആക്കു ന്നു. അദ്ദേഹത്തിന് ശേഷം എന്റെ കുടുംബത്തിൽ നിന്നും അദ്ദേഹം ഉചിതമായി കാണുന്ന നല്ല വ്യക്തിയെ ഏൽപ്പി ക്കേണ്ടതാണ്. ഇതിന് വേണ്ടി അദ്ദേഹം നടത്തുന്ന സേവന പ്രവർത്തനങ്ങളുടെ വഴിയിൽ ഇതിന്റെ വരുമാനത്തിന്റെ പത്തു ശതമാനം അദ്ദേഹത്തിന് എടുക്കാവുന്നതാണ്. ഇന്ന സ്ഥലത്ത് ഭൂസ്വത്തായി ഇത്രയും, കച്ചവടത്തിന്റെ പങ്കായി ഇത്രയും, സൂക്ഷിപ്പ് മുതലായി ഇത്രയും, എനിക്കു കിട്ടാനു ള്ള കാശായി ഇത്രയും പണം എന്റെ പേരിലുണ്ട്. ഞാൻ ഇന്നവർക്ക് ഇത്ര കടങ്ങൾ കൊടുത്തു വീടാനുണ്ട്. അവ എത്രയും പെട്ടെന്ന് തന്നെ കൊടുത്തു വീടണമെന്ന് ഞാൻ അനന്തരാവകാശികളെ ഉപദേശിക്കുന്നു. ശരീഅത്തിൽ പരിഗണനീയമായ ബോധം ഉണ്ടായിരിക്കവെ ഞാൻ തയ്യാറാക്കിയ വസ്വിയ്യത്താണിത്.

ഒപ്പ് ;

തീയതി ; സാക്ഷികൾ ;

## വസിയ്യത്ത് ചെയ്യുമ്പോൾ ശ്രദ്ധിക്കുക

വസിയ്യത്തിൽ മൂന്നിലൊന്നിന്റെ ഉള്ളിൽ നിൽക്കുന്ന സമ്പത്ത് മാത്രമേ ദാനധർമ്മമായി വസിയ്യത്ത് ചെയ്യാൻ പാടുള്ളൂ. കൂടാതെ, അക്രമപരമായ എന്തെങ്കിലും കാര്യം വസിയ്യത്ത് ചെയ്താൽ അത് നടപ്പിലാക്കാൻ പാടില്ല. ഇംറാനുബ്നു ഹുസൈൻ رضي الله عنه നിവേദനം. ഒരു വ്യക്തി മരണ സമയത്ത് ആറ് അടിമകളെ മോചിപ്പിച്ചു. അദ്ദേഹത്തിന്റെ ബന്ധുക്കൾ ഇത് റസൂലുല്ലാഹി ﷺ യെ അറിയിച്ചപ്പോൾ റസൂലുല്ലാഹി ﷺ ദേഷ്യപ്പെടുകയും ഇത് അറിഞ്ഞിരുന്നെങ്കിൽ ജനാസ നമസ്കരിക്കുകയില്ലായിരുന്നുവെന്ന് പ്രസ്താവിക്കുകയും ചെയ്തു. തുടർന്ന് ആറുപേർക്കിടയിൽ നറുക്കിട്ട് രണ്ടുപേരെ മാത്രം മോചിപ്പിക്കുകയുണ്ടായി. (അഹ്മദ്).

ഇപ്രകാരം മയ്യിത്തിന്റെ മേൽ വല്ല കടങ്ങളുമുണ്ടെങ്കിൽ അത് കൊടുത്ത് വീടാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, വസിയ്യത്തിലെ ദാനത്തേക്കാളും ഇതിനെ മുന്തിക്കേണ്ടതുമാണ്. സൃഷ്ടികളോടുള്ള കടത്തേക്കാളും ഗൗരവമാണ് അല്ലാഹുവിനോടുള്ള കടമകൾ. വിശിഷ്യാ ഹജ്ജ് ഫർളായ വ്യക്തിയാണെങ്കിൽ അത് നിർവ്വഹിക്കാൻ ഏർപ്പാട് ചെയ്യേണ്ടതാണ്. മയ്യിത്തിന്റെ മേൽ നോമ്പ് വല്ലതും അവശേഷിക്കുന്നുണ്ടെങ്കിൽ അത് പിടിച്ച് വീട്ടേണ്ടതാണ്. നേർച്ച വല്ലതും ഉണ്ടെങ്കിൽ അവ പൂർത്തീകരിക്കേണ്ടതാണ്.

സൃഷ്ടികളുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യത കൂടാതെ, അക്രമങ്ങൾ വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ അത് മാപ്പ് ചെയ്യിക്കാൻ പരിശ്രമിക്കേണ്ടതാണ്. അക്രമിക്കപ്പെട്ടവർ മാപ്പ് കൊടുക്കുന്നത്, വളരെ പ്രതിഫലാർഹമാണ്. സാമ്പത്തിക ബാധ്യത മാപ്പാക്കുന്നത് വലിയ പുണ്യമാണ്. ഇനി ആർക്കെങ്കിലും കട ബാധ്യതയുണ്ടെങ്കിൽ അത് കൊടുത്തുവീടാൻ സഹകരിക്കുന്നത് പ്രധാനപ്പെട്ട സുന്നത്തും സ്വഹാബത്തിന്റെ മാതൃകയുമാണ്.

ഇതുപോലെ മയ്യിത്തിന്റെ അനന്തര സ്വത്തുക്കൾ ശരീഅത്തിന് അനുസൃതമായി വീതിക്കാനും ശ്രദ്ധിക്കേണ്ടതാണ്. പരിശുദ്ധ

ഖുർആനിൽ ഇതിനെക്കുറിച്ച് പരാമർശിക്കപ്പെട്ട സ്ഥലത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലും അല്ലാഹു നിങ്ങളോട് വസിയ്യത്ത് ചെയ്യുന്നു എന്ന് ആവർത്തിച്ച് ഉണർത്തിയിരിക്കുന്നു. ശേഷം അല്ലാഹു അറിയിക്കുന്നു: ഇത് അല്ലാഹുവിന്റെ നിയമാതിർത്തി യാണ്. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നവരെ അല്ലാഹു ശാശ്വതമായി സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ ദൂതന് എതിര് പ്രവർത്തിക്കുകയും നിയമാതിർത്തി യെ ലംഘിക്കുകയും ചെയ്യുന്നവനെ ശാശ്വതമായി നരകത്തിലും പ്രവേശിപ്പിക്കുന്നതാണ്. (നിസാഅ്).

## 7. സ്വദഖകൾ

മരിച്ചുപോയവരുടെ ഭാഗത്തുനിന്നും ദാനധർമ്മങ്ങൾ ചെയ്യുന്നത് വളരെ മഹത്തരമായ കാര്യമാണ്. പ്രത്യേകിച്ചും നിലനിൽക്കുന്ന (ജാരിയ്യായ) സ്വദഖകൾ അത്യുത്തമമാണ്. സഅ്ദ് ﷺ ന്റെ മാതാവ് മരണപ്പെട്ടപ്പോൾ അദ്ദേഹം യാത്രയിലായിരുന്നു. അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, മാതാവിന്റെ ഭാഗത്തുനിന്നും വല്ലതും ദാനം ചെയ്താൽ മാതാവിന് പ്രയോജനം ലഭിക്കുമോ? റസൂലുല്ലാഹി ﷺ അരുളി: അതെ, ലഭിക്കുന്നതാണ്. സഅ്ദ് ﷺ ഒരു തോട്ടം ദാനം ചെയ്യുകയുണ്ടായി. (ബുഖാരി). വിശിഷ്യാ ചിലർക്ക് ദാനം ചെയ്യാൻ ആഗ്രഹമുണ്ടായിട്ടും ചെയ്യാൻ കഴിയാതെ പോയാൽ അവരുടെ ഭാഗത്തുനിന്നും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു സ്വഹാബി ചോദിച്ചു: എന്റെ പിതാവ് മരണപ്പെട്ടു. അദ്ദേഹം അനന്തര സ്വത്ത് വിട്ടിട്ടുണ്ട്. അദ്ദേഹം അതിൽ ഒന്നും വസിയ്യത്ത് ചെയ്തിട്ടില്ല. ഞാൻ സ്വദഖ ചെയ്താൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമാകുമോ.? റസൂലുല്ലാഹി ﷺ അതെ എന്ന് അരുളി. (മുസ്ലിം)

ആസിബ്നു വാഇൽ സഹ്മി ﷺ നൂറ് അടിമകളെ മോചിപ്പിക്കാൻ വസിയ്യത്ത് ചെയ്തു. അദ്ദേഹത്തിന്റെ രണ്ട് മക്കൾ അമ്പത് വീതം അടിമകളെ മോചിപ്പിച്ചു. അതിന്റെ പ്രതിഫലം പിതാവിന് ലഭിക്കുമോ എന്ന് ചോദിക്കപ്പെട്ടപ്പോൾ റസൂലുല്ലാഹി ﷺ അരുളി: അദ്ദേഹം സത്യവിശ്വാസി ആയിരുന്നാൽ നിങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും ചെയ്യുന്ന അടിമത്വ മോചനവും സ്വദഖയും ഹജ്ജും അദ്ദേഹത്തിന് ലഭിക്കുന്നതാണ്. (അബൂദാവൂദ്).

## 8. ദുആ

മർഹൂമുകൾക്കുവേണ്ടി നിരന്തരം ദുആ ചെയ്യേണ്ടതാണ്. വിശിഷ്യാ മക്കൾ ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു സ്വഹാബി ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, മാതാ-പിതാക്കളുടെ മരണത്തിന് ശേഷം അവരുടെ മേൽ വല്ല കടമകളും അവശേഷിക്കുമോ.? റസൂലുല്ലാഹി ﷺ അരുളി: അവർക്കുവേണ്ടി ദുആ ചെയ്യുന്നതും, പാപമോചനം തേടുന്നതും, അവരുടെ കരാറുകൾ പൂർത്തീകരിക്കുന്നതും, അവർ വഴിയായിട്ടുള്ള ബന്ധുക്കളോട് നല്ലനിലയിൽ വർത്തിക്കുന്നതും, അവരുടെ സുഹൃത്തുക്കളെ ആദരിക്കുന്നതും അവരോടുള്ള കടമകളാണ്. (ഇബ്നുമാജ).

## 9. ഖബ്ർ സിയാറത്ത്

ഇടയ്ക്കിടെ ഖബ്റുകൾ സിയാറത്ത് ചെയ്യേണ്ടതാണ്. പ്രത്യേകിച്ചും ഖബ്റുകൾക്ക് അരികിലൂടെ പോകുമ്പോൾ സലാം പറയാൻ ശ്രദ്ധിക്കണം. മുഴുവൻ ഖബ്റാളികൾക്കും ഒരുമിച്ച് സലാം പറഞ്ഞതിന് ശേഷം അടുത്തവരുടെ അരികിൽ പോയിരുന്ന് അവർക്ക് പ്രത്യേകം സലാം പറയേണ്ടതാണ്. റസൂലുല്ലാഹി ﷺ മാതാവിന്റെ ഖബ്ർ സിയാറത്ത് ചെയ്യുകയും കരയുകയും അതുകണ്ട് സ്വഹാബത്ത് കരയുകയും ചെയ്തു. സലാമിന്റെ ചെറുതും സമ്പൂർണ്ണവുമായ ഒരു രൂപം ഇപ്രകാരമാണ്: അസ്സലാമു അലൈക്കും ദാറ ഖൗമിൻ മുഅ്മിനീൻ വ ഇന്നാ ഇൻഷാ അല്ലാഹു ബിക്കും ലാഹിഖൂൻ, അസ്അലുല്ലാഹ ലനാ വലക്കുമുൽ ആഫിയ.

# അനുബന്ധം-1

## മരണാനന്തരവും പ്രയോജനം ലഭിക്കുന്ന നന്മകൾ

ശൈഖുൽ ഹദീസ് അല്ലാമാ മുഹമ്മദ് സകരിയ്യ കാന്ദലവി

അബൂഹുറയ്റ ﷺ വിവരിക്കുന്നു. റസൂലുല്ലാഹി ﷺ അരുളി: 'മനുഷ്യൻ മരണപ്പെട്ടുപോയാൽ മൂന്ന് അമലുകളൊഴിച്ചുള്ള അവന്റെ അമലുകളുടെ സവാബ് അവസാനിച്ചു പോകുന്നതാണ്". (മൂന്നു കാര്യങ്ങളുടെ സവാബ് മരണത്തിനുശേഷവും കിട്ടിക്കൊണ്ടിരിക്കുന്നതാണ്). ഒന്നാമത്തേത്, ജാരിയായ സ്വദഖ: (പ്രയോജനം കിട്ടിക്കൊണ്ടിരിക്കുന്ന സ്വദഖ:) രണ്ടാമത്തേത്, ജനങ്ങൾക്ക് പ്രയോജനം കിട്ടിക്കൊണ്ടിരിക്കുന്ന അറിവ്, മൂന്നാമത്തേത്, അവനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്ന സ്വാലിഹായ മക്കൾ'' (മുസ്‌ലിം)

വിവരണം: അല്ലാഹുവിന്റെ എത്ര വലിയ നന്മയും കരുണയും അനുഗ്രഹവുമാണിത്.? മനുഷ്യൻ മരിച്ചതിനു ശേഷം അവന്റെ അമലുകളുടെ സമയം തീർന്നുപോവുകയും അവൻ അമൽ ചെയ്യുന്നതിന് കഴിയാത്തവനായി ഖബ്റിൽ ഉറക്കത്തിലാവുകയും ചെയ്യുമ്പോഴും അവന്റെ സൽപ്രവൃത്തികൾ അധികരിച്ചുകൊണ്ടിരിക്കണമെന്ന് ആശിക്കുകയാണെങ്കിൽ, അതിനുള്ള മാർഗ്ഗത്തെയും അല്ലാഹുതആല അവന്റെ ഔദാര്യം കൊണ്ട് ഉണ്ടാക്കിയിരിക്കുന്നു. റസൂലുല്ലാഹി ﷺ അതിൽ നിന്നും മൂന്നുകാര്യങ്ങളെ ഈ ഹദീസിൽ പറഞ്ഞിരിക്കുന്നു.

ഒന്ന്, ജാരിയായ സ്വദഖയാണ്. അതായത് പ്രയോജനം അവശേഷിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കൾ സ്വദഖ: ചെയ്യുക. ഉദാഹരണമായി ജനങ്ങൾ നമസ്കരിച്ചുകൊണ്ടിരിക്കുന്ന മസ്ജിദ് നിർമ്മിക്കുക. അതിൽ ജനങ്ങൾ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോ

ഴെല്ലാം അതിന്റെ സവാബ് അവന് യാതൊന്നും ചെയ്യാതെ തന്നെ കിട്ടിക്കൊണ്ടിരിക്കുന്നതാണ്. ഇതേ നിലയിൽ മുസാഫിർഖാനയോ ദീനിയായ പ്രവർത്തനത്തിനു വേണ്ടിയുള്ള കെട്ടിടമോ ഉണ്ടാക്കി വഖ്ഫ് ചെയ്യുക. അതുകൊണ്ടു മുസ്ലിംകൾക്കോ അല്ലെങ്കിൽ ദീനിയായ പ്രവർത്തനങ്ങൾക്കോ പ്രയോജനം സിദ്ധിച്ചു കൊണ്ടിരിക്കുന്നതാണ്. അപ്പോൾ അവന് ആ പ്രയോജനത്തിന്റെ പ്രതിഫലവും കിട്ടിക്കൊണ്ടിരിക്കു ന്നതാണ്. അതുപോലെ പൊതുജനങ്ങളുടെ ഉപയോഗത്തിനു വേണ്ടി കിണർ ഉണ്ടാക്കുകയാണെങ്കിൽ അതിൽ നിന്നും ജനങ്ങൾ വെള്ളം കുടിക്കുകയും വുളൂഅ് മുതലായ കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോഴെല്ലാം അവന് മരണത്തിനുശേഷവും അതിന്റെ പ്രതിഫലം കിട്ടിക്കൊണ്ടിരിക്കുന്നതാണ്.

റസൂലുല്ലാഹി ﷺ അരുളി: മനുഷ്യന്റെ മരണത്തിനുശേഷവും അവന് പ്രതിഫലം കിട്ടിക്കാണ്ടിരിക്കുന്ന വസ്തുക്കൾ: ആർക്കെങ്കിലും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതായ ഇൽമ്, അവൻ വിട്ടിട്ടുപോയ സ്വാലിഹായ സന്താനങ്ങൾ, അവൻ അനന്തരാവകാശമായി വിട്ടിട്ടുപോയ ഖുർആൻ ഷരീഫ്, അവൻ നിർമ്മിച്ച മസ്ജിദ്, മുസാഫിർഖാന, അവൻ ഒഴുക്കിയ തോട്, അവന്റെ മരണാനന്തരവും തുടർന്ന് പ്രതിഫലം കിട്ടിക്കൊണ്ടിരിക്കത്തക്ക രീതിയിൽ ആരോഗ്യത്തോടെ ജീവിതകാലത്ത് നിർവ്വഹിച്ച ധർമ്മം എന്നിവകളാണ്. (മിഷ്കാത്)

പ്രതിഫലം കിട്ടിക്കൊണ്ടിരിക്കുന്ന' എന്ന് പറഞ്ഞതിന്റെ ഉദ്ദേശം, വഖ്ഫ് ചെയ്യുക പോലെയുള്ള ജാരിയായ സദഖയാണ്.

ഇൽമ് പ്രചരിപ്പിക്കുക' എന്നു പറഞ്ഞതിന്റെ ഉദ്ദേശം, മദ്റസയ്ക്ക് പണം കൊടുക്കുക, അല്ലെങ്കിൽ വല്ല ദീനിയായ കിതാബുകളും രചിക്കുക, അല്ലെങ്കിൽ അതു പഠിക്കുന്നവർക്ക് കിതാബുകൾ വാങ്ങിക്കൊടുക്കുക, അല്ലെങ്കിൽ മസ്ജിദുകളിലും മദ്റസകളിലും ഖുർആൻ ഷരീഫോ മറ്റു കിതാബുകളോ വഖ്ഫ് ചെയ്യുക എന്നിവകളാണ്.

റസൂലുല്ലാഹി ﷺ അരുളി: മനുഷ്യന്റെ മരണാനന്തരം ഏഴു വസ്തുക്കളുടെ പ്രതിഫലം അവന് കിട്ടിക്കൊണ്ടിരിക്കു ന്നതാണ്. അതായത് 1. ആർക്കെങ്കിലും ഇൽമ് പഠിപ്പിക്കുകയോ 2. വല്ല തോടും ഒഴുക്കുകയോ 3. കിണർ ഉണ്ടാക്കുകയോ 4. വല്ല മരങ്ങളും വച്ചു പിടിപ്പിക്കുകയോ 5. മസ്ജിദ് നിർമ്മിക്കുകയോ 6. പരിശുദ്ധ

ഖുർആൻ അനന്തരമായി വിട്ടിട്ടുപോവുകയോ 7. അവനു വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്ന സന്തതികളെ വിട്ടിട്ടുപോവുകയോ ചെയ്യുക''. (തർഗീബ്)

ഈ വസ്തുക്കളെല്ലാം അവനുതന്നെ മുഴുവനും സ്വന്തമായിരിക്കണമെന്ന് നിർബന്ധമില്ല. മറിച്ച് ഈ വസ്തുക്കളിലേതെങ്കിലുമൊന്നിൽ അവന് അല്പമായ പങ്കുണ്ടായിരുന്നാലും അവൻ ഓഹരിക്കനുസരിച്ച് അതിന്റെ പ്രതിഫലത്തിൽ നിന്നും ഓഹരി ലഭിച്ചുകൊണ്ടിരിക്കുന്നതാണ്.

മേൽ പറയപ്പെട്ട ഹദീസിലുള്ള രണ്ടാമത്തെ കാര്യം ജനങ്ങൾക്ക് പ്രയോജനം കിട്ടിക്കൊണ്ടിരിക്കുന്ന ദീനിയായ ഇൽമാണ്. ഉദാഹരണത്തിന് ഒരു മദ്റസയിൽ ഏതെങ്കിലും കിതാബ് വഖ്ഫ് ചെയ്യുകയാണെങ്കിൽ, ആ കിതാബുകൾ അവശേഷിക്കുമ്പോഴെല്ലാം അതുകൊണ്ട് ജനങ്ങൾക്ക് പ്രയോജനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. അതിന്റെ പ്രതിഫലം അവന് വെറുതെ കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യും. ഇതേപോലെ പഠിക്കുന്ന ഒരുവനെ അവന്റെ ചെലവിൽ ഖുർആൻ ഹാഫിസാക്കുകയോ, ആലിമാക്കുകയോ ചെയ്താൽ, അവന്റെ ഇൽമ് കൊണ്ടും ഹിഫ്ള് കൊണ്ടും പ്രയോജനമുണ്ടായിക്കൊണ്ടിരിക്കുമ്പോഴെല്ലാം ആ മനുഷ്യന് അതിന്റെ സവാബ് കിട്ടിക്കൊണ്ടിരിക്കുന്നതാണ്. ഹാഫിളും ആലിമും ജീവിച്ചിരുന്നാലും ശരി, ഇല്ലെങ്കിലും ശരി. ഉദാഹണമായി, ഒരു മനുഷ്യനെ ഹാഫിളാക്കി, അവൻ പത്തിരുപത് കുട്ടികൾക്ക് ഖുർആൻ ഷരീഫ് പഠിപ്പിച്ചതിനുശേഷം മരണപ്പെട്ടു. എന്നാൽ ആ കുട്ടികൾ ഖുർആൻ ഷരീഫ് ഓതിക്കൊണ്ടിരിക്കുകയും അതു പഠിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോഴെല്ലാം, ആ ഹാഫിളിനു പ്രത്യേകം സവാബ് കിട്ടിക്കൊണ്ടിരി ക്കുകയും ആ ഹാഫിളിനെ ഉണ്ടാക്കിയവന് വേറെയും സവാബ് ലഭിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഇപ്രകാരം ആ പഠിച്ച കുട്ടികളുടെ പരമ്പര, ഖിയാമത് നാൾ വരെയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണെങ്കിലും, ആദ്യത്തെ ഹാഫിളിനെ ഉണ്ടാക്കിയവന് താനേ സവാബ് കിട്ടിക്കൊണ്ടിരിക്കുന്നതാണ്. ആ ആളുകൾ അയാൾക്ക് സവാബ് എത്തിച്ചാലും ശരി, ഇല്ലെങ്കിലും ശരി. ഇതേ രീതി തന്നെയാണ് ആരെയെങ്കിലും ആലിമാക്കിയാലും ഉള്ളത്. അതായത് അവൻ നേരിട്ടോ മറ്റുള്ളവർ മുഖേനയോ അവൻറ ഇൽമുകൊണ്ട് ജനങ്ങൾക്ക് പ്രയോജനം

സിദ്ധിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം, ആദ്യത്തെ ആലിമിനെ ഉണ്ടാക്കിയവന് അതിന്റെയെല്ലാം സവാബ് ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. ആദ്യം പറഞ്ഞകാര്യം ഇവിടെയും ബാധകമാകുന്നതാണ്. അതായത് പൂർണ്ണമായും ഒരു ഹാഫിളിനെയോ പൂർണ്ണമായും ഒരു ആലിമിനേയോ അവൻ തനിയെ തന്നെ ഉണ്ടാക്കണമെന്ന് നിർബന്ധമില്ല. ഏതെങ്കിലും ഒരു ഹാഫിളിന് ഹിഫ്ള് ചെയ്യുന്നതിന് അവന്റെ പക്കൽ നിന്നും സഹായമുണ്ടാവുകയോ, ഒരു ആലിമിന് ഇൽമു പഠിക്കുന്നതിന് അവനിൽ നിന്നും സഹായമുണ്ടാവു കയോ ചെയ്താലും ആ സഹായത്തിന്റെ കണക്കനുസരിച്ച് സവാബിന്റെ പരമ്പര ഖിയാമത് വരെയും അവന് ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്.

ദീനിയായ ഇൽമിന്റെ പ്രചരണത്തിനും ദീനിന്റെ നിലനില്പിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി, ശാരീരികവും ധനപരവുമായ പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവർ എത്രയോ വലിയ ഭാഗ്യവാന്മാരാണ്.! ഈ ദുൻയവിയായ ജീവിതം സ്വപ്നത്തേക്കാൾ കൂടുതലല്ല. എപ്പോഴാണ് ഈ ലോകത്തുനിന്നും പെട്ടെന്ന് പോകേണ്ടി വരുന്നതെന്ന് ആർക്ക് അറിയാൻ കഴിയും.? എത്ര മാത്രം സമ്പാദ്യം തനിക്കുവേണ്ടി വിട്ടിട്ടു പോകുമോ, അതുമാത്രമാണ് പ്രയോജനകരമായി ത്തീരുന്നത്. ഏറ്റവും അടുത്ത ബന്ധുമിത്രാദികളും മറ്റും രണ്ടു നാലു ദിവസം കരഞ്ഞു ഓർമ്മിച്ചിട്ട് അവരവരുടെ ജോലികളിൽ ഏർപ്പെട്ടു മറന്നു പോകും. മനുഷ്യൻ അവന്റെ ജീവിതകാലത്ത് തനിക്കുവേണ്ടി ഒരിക്കലും നശിക്കാത്ത ബാങ്കിൽ സൂക്ഷിച്ചുവെച്ചത് മാത്രമാണ് അവനു വേണ്ടി പ്രയോജനപ്പെടുന്നത്. അതു പൂർണ്ണമായും സുരക്ഷിതമായിരിക്കുന്നതും ഖിയാമത് വരെയും ലഭിച്ചുകൊണ്ടിരിക്കുന്നതുമാണ്.

ഹദീസിൽ പറയപ്പെട്ടിരിക്കുന്ന മൂന്നാമത്തെ സംഗതി, മരണത്തിനു ശേഷവും അവനുവേണ്ടി നല്ല ദുആ ചെയ്തുകൊണ്ടിരിക്കുന്ന സ്വാലിഹായ സന്താനങ്ങളാണ്. ഒന്നാമതായി, മക്കളെ സ്വാലിഹീങ്ങളാക്കുകയെന്നത് തന്നെ ജാരിയായ സ്വദഖയാണ്. അവരിൽനിന്നും ആരെങ്കിലും സൽപ്രവൃത്തി ചെയ്തുകൊണ്ടിരിക്കുമ്പോഴെല്ലാം അവന് അതിന്റെ സവാബ് കിട്ടിക്കൊണ്ടിരിക്കുന്നതാണ്. സ്വാലിഹായ സന്തതികളാണെങ്കിൽ അവർ ദുആ ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. അങ്ങിനെ ആ സ്വാലിഹായ സന്തതികൾ മാതാ-പിതാക്കൾക്കുവേണ്ടി ദുആ ചെയ്തു കൊണ്ടിരുന്നാൽ മാതാപിതാക്കൾക്ക് അത് പ്രത്യേകമായ ഒരു സമ്പാദ്യമാണ്.

റൗള് എന്ന കിതാബിൽ സ്വാലിഹായ ഒരു സ്ത്രീയെപ്പറ്റിയുള്ള

ഒരു സംഭവം ഇപ്രകാരം എഴുതിയിരിക്കുന്നു; അവരെ 'ബാഹിയത്? എന്നാണ് വിളിക്കപ്പെട്ടിരുന്നത്. അവർ വളരെ കൂടുതൽ ഇബാദത് ചെയ്യുന്നവരായിരുന്നു. അവർക്ക് മരണം ആസന്നമായപ്പോൾ, തല ആകാശത്തേയ്ക്ക് ഉയർത്തിക്കൊണ്ട് പറഞ്ഞു: എന്റെ ഒരുക്കുസാധനവും സൂക്ഷിപ്പു മുതലുമായിരിക്കുന്നവനേ, അവന്റെ പേരിൽ മാത്രമാണ് എന്റെ ജീവിതവും എന്റെ മരണത്തിലുള്ള ആശ്രയവും. മരണസമയത്ത് എന്നെ കേവലപ്പെടുത്തരുതേ! ഖബറിൽ എന്നെ മുഷിപ്പിലാക്കരുതേ!'' അവർ മരണപ്പെട്ടപ്പോൾ അവരുടെ മകൻ എല്ലാ ജുമുഅ ദിവസവും ആ മാതാവിന്റെ ഖബറിൽ വളരെ ശ്രദ്ധയോടുകൂടി ഖുർആൻ ഷരീഫ് ഓതി ഹദ്‌യ ചെയ്യുകയും, അവർക്കു വേണ്ടിയും ആ ഖബർസ്ഥാനിലുള്ള എല്ലാവർക്ക് വേണ്ടിയും ദുആ ചെയ്യുകയും ചെയ്തിരുന്നു. ഒരു ദിവസം ആ കുട്ടി തന്റെ മാതാവിനെ സ്വപ്നത്തിൽ കാണുകയും ''ഉമ്മാ, നിങ്ങളുടെ സ്ഥിതിയെന്താണ്.? എന്ന് ചോദിക്കുകയും ചെയ്തു. അപ്പോൾ ഉമ്മ പറഞ്ഞു: മരണത്തിന്റെ കാഠിന്യത വളരെ കടുപ്പമേറിയതു തന്നെയാണ്. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ഞാൻ ഖബറിൽ വലിയ സുഖത്തിലാണ്. റയ്ഹാൻ എന്റെ കീഴിൽ വിരിയ്ക്കപ്പെടുകയും പട്ടിന്റെ തലയണ നൽകപ്പെടുകയും ചെയ്തിരിക്കുന്നു. ഖിയാമത് നാൾ വരെയും എന്നോട് ഇതേ പെരുമാറ്റം തന്നെ ഉണ്ടായിരിക്കുന്നതാണ്''. അപ്പോൾ മകൻ പറഞ്ഞു. വല്ല സേവനവും ഞാൻ ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ പറയുക.!'' അപ്പോൾ അവർ പറഞ്ഞു. ''നീ എല്ലാ ജുമുഅ ദിവസവും എന്റെ അടുക്കൽ വന്ന് ഖുർആൻ ഷരീഫ് ഓതിക്കൊണ്ടിരിക്കുന്നത് മുടക്കരുത്. നീ വരുമ്പോൾ ഖബർസ്ഥാനിലുള്ളവരെല്ലാം സന്തോഷപ്പെട്ട് 'നിന്റെ മകൻ വന്നു'' എന്ന് എന്നോട് സന്തോഷവാർത്ത അറിയിക്കാനായി വരുന്നതാണ്. അത് കൊണ്ട് നിന്റെ വരവ് എനിക്കും വലിയ സന്തോഷമായിരിക്കുന്നു; അവർക്കും വലിയ സന്തോഷമായിരിക്കുന്നു'. ആ കുട്ടി പറയുന്നു; ഇപ്രകാരം ഞാൻ എല്ലാ ജുമുഅ ദിവസവും വളരെ ശ്രദ്ധയോടുകൂടി പൊയ്ക്കൊണ്ടിരുന്നു. ഒരു ദിവസം ഞാൻ സ്വപ്നത്തിൽ ഇപ്രകാരം കണ്ടു, സ്ത്രീകളും പുരുഷന്മാരും ചേർന്ന വലിയ ഒരു സംഘം എന്റെയടുക്കൽ വന്നു. 'ഞാൻ ചോദിച്ചു; നിങ്ങൾ ആരാണ്? എന്തിനായി വന്നു? അവർ പറഞ്ഞു: ഞങ്ങൾ ഇന്ന ഖബർസ്ഥാനിലെ ആളുകളാണ്. ഞങ്ങൾ നിങ്ങൾക്ക് നന്ദി പറയാനായി വന്നിരിക്കുകയാണ്. നിങ്ങൾ എല്ലാ ജുമുഅ ദിവസവും ഞങ്ങളുടെ അടുക്കൽ വരുകയും, ഞങ്ങൾക്കുവേണ്ടി മഗ്ഫിറത്തിനായി ദുആ ചെയ്യുകയും ചെയ്യുന്നതുകൊണ്ട് ഞങ്ങൾക്ക്

വലിയ സന്തോഷം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അത് നിങ്ങൾ നടത്തിക്കൊണ്ടേയി രിക്കണം' അതിനുശേഷം മുൻപത്തെക്കാൾ കൂടുതലായി അതിൽ ഞാൻ ശ്രദ്ധിക്കാൻ തുടങ്ങി.

മറ്റൊരു ആലിം പറയുന്നു: ഒരാൾ സ്വപ്നത്തിൽ ഇപ്രകാരം കണ്ടു. ഒരു ഖബർസ്ഥാനിലെ ഖബറുകളെല്ലാം പെട്ടെന്നു പിളരുകയും അതിൽ നിന്നും മരിച്ച ആളുകളെല്ലാം പുറത്തേയ്ക്ക് വന്ന്, അതിവേഗത്തിൽ എന്തോ പെറുക്കിയെടുക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. എന്നാൽ ഒരു മനുഷ്യൻ ഒന്നും പെറുക്കിയെടുക്കാതെ മാറിയിരിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് സലാം പറഞ്ഞശേഷം അദ്ദേഹത്തോടു ചോദിച്ചു: ഈ ആളുകൾ എന്താണ് പെറുക്കിയെടുത്തുകൊണ്ടിരിക്കുന്നത്.? അദ്ദേഹം പറഞ്ഞു ''ആരെങ്കിലും വല്ല സ്വദഖ: ദുആ, സ്വലാത്ത് മുതലായവ ഈ ഖബർസ്ഥാനിലുള്ളവർക്ക് അയക്കുന്നെങ്കിൽ അതിന്റെ ബറക്കത്തുകളെ അവർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ചോദിച്ചു: 'നിങ്ങൾ എന്തുകൊണ്ട് അതു പൊറുക്കിയെടുക്കാതിരിക്കുന്നു.?' അദ്ദേഹം പറഞ്ഞു: എനിക്ക് ഒരു മകനുണ്ട്. അവൻ ഇന്ന ബസാറിൽ ജിലേബി (ഹൽവാ മാതിരിയുള്ള ഒരിനം മധുരപലഹാരം) വിറ്റുകൊണ്ടിരിക്കുകയാണ്. അവൻ ദിവസവും ഒരു ഖുർആൻ ഷരീഫ് ഓതി എനിക്കുവേണ്ടി ഹദ്‌യഃ ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് എനിക്കിതു പെറുക്കിയെടുക്കേണ്ട ആവശ്യമില്ല''. ഞാൻ രാവിലെ എഴുന്നേറ്റു ആ ബസാറിൽ പോയി. അവിടെ ഒരു യുവാവ് ജിലേബി വിറ്റുകൊണ്ടിരിക്കുന്നതായി ഞാൻ കണ്ടു ''നിങ്ങൾ എന്താണ് ഓതിക്കൊണ്ടിരിക്കുന്നത്?'' എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ ദിവസവും ഒരു ഖുർആൻ ഷരീഫ് ഓതിതീർത്ത്, എന്റെ പിതാവിന് അത് ഹദ്‌യയായി സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്''. ഈ സംഭവം കഴിഞ്ഞ് കുറേ കാലത്തിനുശേഷം, വീണ്ടും ഒരു പ്രാവശ്യം ആ ഖബർസ്ഥാനിലെ ആളുകളെ ഇപ്രകാരം പെറുക്കിയെടുത്തു കൊണ്ടിരിക്കുന്നവരായി ഞാൻ സ്വപ്നം കണ്ടു. ഇപ്രാവശ്യം ആദ്യം സംഭാഷണം നടത്തിയ ആ മനുഷ്യനും പെറുക്കിയെടുത്തു കൊണ്ടിരിക്കുന്നതായി കണ്ടു. പിന്നീടു ഞാൻ കണ്ണ് തുറക്കുകയും ഈ വിഷയത്തിൽ എനിക്ക് അത്ഭുതം തോന്നുകയും ചെയ്തു. രാവിലെ ഞാൻ എഴുന്നേറ്റു ആ ബസാറിൽ ചെന്ന് അന്വേഷിച്ചപ്പോൾ, ആ കുട്ടി മരിച്ചുപോയി എന്നറിയാൻ കഴിഞ്ഞു. (റൗല്)

## അനുബന്ധം-2

# ഖബ്ർ സിയാറത്തും ഈസാൽ സവാബും

മൗലാനാ സയ്യിദ് മുസ്തഫാ രിഫാഈ

റസൂലുല്ലാഹി ﷺ യിലൂടെ സമുദായത്തിന് ലഭിച്ച അമൂല്യമായ രണ്ട് മഹൽകർമ്മങ്ങളാണ് ഖബ്ർ സിയാറത്തും ഈസാൽ സവാബും. (ഖബ്റുകൾ സന്ദർശിക്കലും, മരണപ്പെട്ട് പോയവർക്ക് നന്മകൾ ചെയ്ത് പ്രതിഫലം എത്തിച്ചുകൊടുക്കലും). ഇതിലൂടെ മരണപ്പെട്ടുപോയ മർഹൂമുകൾക്ക് വലിയ സമാധാനവും സന്തോഷവും ഉണ്ടാകുന്നതും ഇത് ചെയ്യുന്നവരിൽ വലിയ ഗുണങ്ങൾ സിദ്ധിക്കുന്നതുമാണ്. ഖബ്ർ സിയാറത്തിലൂടെ ഭൗതിക വിരക്തിയുണ്ടാവുകയും മനസ്സ് മയപ്പെടുകയും ചെയ്യുന്നതാണ്. ബന്ധുമിത്രങ്ങളുടെ ഈ ഗുണങ്ങൾ കാരണം മരിച്ചുപോയ മർഹൂമുകൾക്ക് വലിയ സന്തുഷ്ടിയും സംതൃപ്തിയും ലഭിക്കുന്നതുമാണ്. സർവ്വനാശങ്ങളുടെയും വേര് മനസ്സിന്റെ കാഠിന്യമാണ്. മനസ്സിന്റെ കാഠിന്യത്തിലൂടെ ഭൗതികസ്നേഹം മനസ്സിൽ പ്രവേശിക്കുന്നതാണ്. മനസ്സിന്റെ കാഠിന്യത മാറി മനസ്സിൽ മയം ഉണ്ടായിത്തീർന്നാൽ വിശ്വാസ-കർമ്മങ്ങളിലെ സർവ്വ കുഴപ്പങ്ങളും നന്നായിത്തീരുന്നതാണ്. റസൂലുല്ലാഹി ﷺ അരുളി: മനുഷ്യ ശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അത് ശരിയായാൽ ശരീരം മുഴുവൻ നന്നാകുന്നതാണ്. അത് ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയാകുന്നതാണ്. അറിയുക, അത് ഹൃദയമാണ്. (ബുഖാരി).

ഖബ്റുകൾ സിയാറത്ത് ചെയ്യുകയും മരിച്ചവർക്ക് പ്രതി

ഫലം എത്തിച്ചു കൊടുക്കുകയും ചെയ്യുന്നവർക്ക് സ്വന്തം മരണ ത്തെക്കുറിച്ച് ഓർമ്മ വരുന്നതും പരലോകത്തെക്കുറിച്ച് ഉണരുന്ന തും ഭൗതിക താൽപ്പര്യം കുറയുന്നതുമാണ്. റസൂലുല്ലാഹി ﷺ അരുളി: നിങ്ങൾ ഖബ്റുകൾ സിയാറത്ത് ചെയ്യുക. അത് ഭൗതിക വിരക്തിയുണ്ടാക്കുന്നതും പരലോകത്തെ ഉണർത്തുന്നതുമാണ്. (മുസ്‌ലിം). തീർച്ചയായും അതിൽ വലിയ ഗുണപാഠങ്ങളുണ്ട്. (അഹ്മദ്). തീർച്ചയായും അത് മരണത്തെ ഓർമ്മിപ്പിക്കുന്നതാണ്. (മുസ്‌ലിം, യഥാക്രമം ഇബ്നുമസ്ഊദ് رضي الله عنه, അബൂസഈദ് ഖുദ്‌രി رضي الله عنه, അബൂഹുറയ്റ رضي الله عنه എന്നിവരിൽ നിന്നും നിവേദനം)

ഖബ്റുകൾ നിരന്തരം സിയാറത്ത് ചെയ്യുന്നതിലൂടെ മനസ്സു കളിൽ മയവും വിശാലതയും ഉണ്ടാകുന്നതും ഇത് ശരീരത്തിലും പ്രകടമാകുന്നതുമാണ്. സിയാറത്ത് നിരന്തരമാക്കിയാൽ മയത്തിന്റെ ഗുണം കൂടുതൽ ശക്തിപ്പെടുന്നതും സമ്പൂർണ്ണമാകുന്നതുമാണ്. സമ്പൂർണ്ണ മയത്തിലൂടെ സത്യവിശ്വാസി പടച്ചവന് മുന്നിൽ വിനയാ ന്വിതനും ആവശ്യക്കാരനുമായി മാറുന്നതാണ്. ഈ വിനയാന്വിത അവസ്ഥയ്ക്കാണ് അടിമത്വം എന്ന് പറയപ്പെടുന്നത്. ഈ അടിമത്വം നിരന്തരം നിലനിർത്തലും വളർത്തലുമാണ് മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം.(ദാരിയ്യാത്ത് 59). ഇത്തരുണത്തിൽ ഖബ്ർ സിയാറത്തി നും ഈസാൽ സവാബിനും പ്രേരണ കൊടുക്കുന്നത് മനുഷ്യന്റെ മഹൽഗുണമായ അടിമത്വം ഉണ്ടാക്കിയെടുക്കാനും നിലനിർത്താനും ശക്തിപ്പെടുത്താനുമുള്ള ഉദ്ബോധനം കൂടിയാണ്.

ഖബ്ർ സിയാറത്ത്-ഈസ്വാൽ സവാബുകളിലൂടെ ഇത് ചെയ്യുന്നവർക്ക് വലിയ പ്രയോജനം ഉണ്ടാകുന്നതിനോടൊപ്പം മർ ഹൂമുകൾക്കും വലിയ ആശ്വാസവും സന്തോഷവും സഹായവും ലഭിക്കുന്നതാണ്. അതുകൊണ്ട് തന്നെ മർഹൂമുകൾ ബന്ധുമിത്ര ങ്ങളുടെ പ്രാർത്ഥനകളെ ആഗ്രഹിച്ച് കഴിയുന്നതാണെന്ന് ഉണർ ത്തിക്കൊണ്ട് റസൂലുല്ലാഹി ﷺ അരുളി: മരിച്ചവരുടെ അവസ്ഥ, സഹായിയെ പ്രതീക്ഷിച്ച് വെള്ളത്തിൽ മുങ്ങുന്നവനെപ്പോലെയാണ്. പിതാവ്, സഹോദരൻ, സുഹൃത്ത് ഇവരിൽ നിന്നും എത്തിച്ചേരുന്ന പ്രാർത്ഥനകളെ മയ്യിത്ത് പ്രതീക്ഷിച്ച് കഴിയുന്നതാണ്. അത് വല്ലതും എത്തിച്ചേർന്നാൽ അത് അവർക്ക്, മുഴുവൻ ലോകത്തേക്കാളും പ്രിയങ്കരമായിരിക്കും. (ബൈഹഖി).

ഖബ്ർ സിയാറത്തിനും ഈസ്വാൽ സവാബിനും ഇപ്രകാരം

വലിയ പ്രേരണകൾ ഉള്ളതിനോടൊപ്പം ഒരു ശക്തമായ നിർദ്ദേശം കൂടിയുണ്ട്. അതായത് ഇതിന് റസൂലുല്ലാഹി ﷺയും സ്വഹാബത്തും സുന്നത്താക്കിയ മാർഗ്ഗങ്ങളും ഫുഖഹാഅ് മഹത്തുക്കൾ വിവരിച്ച മര്യാദകളും കഴിവിന്റെ പരമാവധി പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കാരണം സുന്നത്തുകളും മര്യാദകളും പാലിച്ചാൽ മാത്രമേ ഓരോ കരമ്മങ്ങളുടെയും യഥാർത്ഥ ഫലങ്ങൾ ലഭിക്കുകയുള്ളൂ. ആകയാൽ സുന്നത്ത്-മര്യാദകൾക്ക് എതിരായ കാര്യങ്ങൾ എല്ലാം ഉപേക്ഷിക്കുക. സുന്നത്തും മര്യാദകളും അടങ്ങിയ മാർഗ്ഗം സ്വീകരിക്കുകയും പതിവാക്കുകയും ചെയ്യുക. ഇതാണ് സർവ്വലോക പരിപാലകനായ അല്ലാഹുവിന്റെ കൽപ്പന. പ്രവാചകൻ നിങ്ങൾക്ക് എത്തിച്ചുതന്ന കാര്യങ്ങളെ മുറുകെ പിടിക്കുക. നിരോധിച്ച കാര്യങ്ങളെ വർജ്ജിക്കുക. (ഹഷ്ർ 7).

ഖബ്ർ സിയാറത്ത്-ഈസാൽ സവാബുകളുടെ വിഷയത്തിൽ മുസ്ലിംകൾക്കിടയിൽ മൂന്ന് അവസ്ഥകൾ ഇന്ന് കാണപ്പെടുന്നുണ്ട്. ഒരു കൂട്ടം ആളുകൾ ഒന്നും ചെയ്യുന്നില്ല. ഇവർക്ക് ഇതിൽ അറിവും വിശ്വാസവും ഇല്ല. മറ്റൊരു കൂട്ടം ചെയ്യാൻ പാടില്ലാത്ത കാര്യങ്ങളും അനാചാരങ്ങളും ചെയ്തുകൂട്ടിക്കൊണ്ടിരിക്കുന്നു. വേറൊരു കൂട്ടർക്ക് ഇതിനെക്കുറിച്ച് അറിവും വിശ്വാസവും ഉണ്ടെങ്കിലും ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നു. ഈ മൂന്ന് കൂട്ടം ജനങ്ങളെയും നേരായ മാർഗ്ഗത്തിലേക്ക് ക്ഷണിക്കാൻ ഈ ഫഖീർ ആഗ്രഹിക്കുന്നു. അല്ലാഹു കാര്യങ്ങൾ ശരിയാംവിധം മനസ്സിലാക്കാനും ഉൾക്കൊള്ളാനും ഉതവി നൽകട്ടെ.!

## ഖബ്ർ സിയാറത്തും പ്രവാചക ചര്യയും

റസൂലുല്ലാഹി ﷺ ഖബ്ർ സിയാറത്തുമായി ബന്ധപ്പെട്ട് മൂന്ന് കാര്യങ്ങളാണ് ചെയ്തിരുന്നത്. ഒന്ന്, ഖബ്ർ സിയാറത്തിനെ പ്രേരിപ്പിച്ചിരുന്നു. ഇതിന്റെ വിവരണം വന്നുകഴിഞ്ഞു. രണ്ട്, രാവും പകലും ഇടക്കിടെ ഖബ്റുകൾ സിയാറത്ത് ചെയ്യുമായിരുന്നു. വിശിഷ്യാ പുലർക്കാലത്ത് ബഖീഅ് സന്ദർശിച്ച് സലാം പറയുമായിരുന്നു എന്ന് ആഇശ رضي الله عنها പ്രസ്താവിക്കുന്നു. (മുസ്ലിം). ഈ സമയവും ഇതുപോലുള്ള ഏകാന്തതയുടെ സന്ദർഭങ്ങളുമാണ് സിയാറത്തിന് ഏറ്റവും യോജിച്ചതെന്ന് ഈ ഹദീസ് അറിയിക്കുന്നു. ഇതിൽ ഏകാഗ്രതയും പ്രകടന രാഹിത്യവും ഉണ്ടാകുന്നതു

മാണ്. മൂന്ന്, റസൂലുല്ലാഹി ﷺ സ്വഹാബത്തിന്റെ ഇടയിൽ വെച്ച് സിയാറത്ത് ചെയ്യുമായിരുന്നു. അബൂഹുറയ്റ رضي الله عنه വിവരിക്കുന്നു: റസൂലുല്ലാഹി ﷺ മാതാവിന്റെ ഖബ്ർ സിയാറത്ത് ചെയ്യുകയും കരയുകയും ചെയ്തു. (മുസ്‌ലിം). മുഹമ്മദുബ്‌നു നഅ്മാൻ رضي الله عنه നിവേദനം. മാതാപിതാക്കളുടെ ഖബ്ർ വെള്ളിയാഴ്ച ദിവസം സിയാറത്ത് ചെയ്യുന്നവന് പൊറുത്ത് കൊടുക്കപ്പെടുന്നതും അനുസരണയുള്ളവനായി എഴുതപ്പെടുന്നതുമാണ്.(ബൈഹഖി). ഉസ്മാൻ رضي الله عنه ഖബ്ർ സിയാറത്ത് ചെയ്യുമ്പോൾ താടി നനയത്തക്ക നിലയിൽ കരയുമായിരുന്നു. (തിർമിദി). ചുരുക്കത്തിൽ, ഖബ്ർ സിയാറത്ത് സുന്നത്തും സ്വഹാബികളുടെയും മഹാത്മാക്കളുടെയും പതിവുമാണ്. മുസ്‌ലിം സമുദായം അന്നുമുതൽ ഇന്നുവരെ ഖബ്ർ സിയാറത്ത് നടത്തുന്നവരാണ്. ഇതിന് നാല് മഹത്തായ ഗുണങ്ങളുണ്ട്. ഒന്ന്, മരണ സ്മരണ. രണ്ട്, ഭൗതിക താൽപ്പര്യം കുറക്കൽ, മൂന്ന്, പരലോകത്തെ ഉണർത്തൽ. നാല്, ഗുണപാഠങ്ങൾ പഠിപ്പിക്കൽ.

എന്നാൽ ഖബ്ർ സിയാറത്തിന് ഏതാനും മര്യാദകളുണ്ട്. ഒന്ന്, കഴിയുന്നവരെല്ലാം നിന്ന് സിയാറത്ത് ചെയ്യേണ്ടതാണ്. (നവവി, മുസ്‌ലിം). രണ്ട്, കഴിവിന്റെ പരമാവധി ദീർഘനേരം നിൽക്കുക. ഇന്ന് ആളുകൾ ധൃതിപിടിച്ച് സിയാറത്ത് ചെയ്ത് ഓടുന്ന പതിവുണ്ട്. ഇത് നല്ലതല്ല. വിനീതന്റെ ശൈഖ് മൗലാനാ ശൈഖുൽ ഹദീസ് മുഹമ്മദ് സകരിയ്യാ رحمه الله മണിക്കൂറുകളോളം സിയാറത്തിലായി കഴിച്ചുകൂട്ടുന്നത് വിനീതൻ നേരിൽ കണ്ടിട്ടുണ്ട്. മൂന്ന്, ദുആ ഇരക്കുക. ഇത് കൈ ഉയർത്തിക്കൊണ്ടോ താഴ്ത്തിക്കൊണ്ടോ ആകാവുന്നതാണ്. പക്ഷേ ഹൃദയ സാന്നിധ്യം മുറുകെപിടിച്ചുകൊണ്ട് ദുആ ഇരക്കുക. നാല്, ദീർഘനേരം ദുആ ഇരക്കുക. (നവവി). അഞ്ച്, ഖിബ്‌ലയെ അഭിമുഖീകരിച്ചുകൊണ്ട് ദുആ ഇരക്കുക. (ബിനായ). സിയാറത്തിന്റെ അവസാനത്തിൽ സലാം പറയുകയും നസ്അലുല്ലാഹ ലനാ വലക്കും അൽ ആഫിയ (പടച്ചവൻ ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകട്ടെ) എന്നും പറയുക.

ഈ മര്യാദകൾ പാലിക്കുന്നതിനോടൊപ്പം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വർജ്ജിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# അനുബന്ധം–3

## ഒരു വസിയ്യത്ത് പത്രം

മൗലാനാ മുഫ്തി മുഹമ്മദ് ശഫീഅ് ഉസ്മാനി

ആദരവായ റസൂലുല്ലാഹി (സ) അരുളി: ആരെങ്കിലും ആവശ്യ മായ കാര്യങ്ങൾ വസിയ്യത്ത് ചെയ്തതിന് ശേഷം മരണപ്പെട്ടാൽ അവൻ നേർമാർഗ്ഗത്തിലും സുന്നത്തിലും തഖ്‌വയിലുമാണ് മരണപ്പെട്ടിരിക്കു ന്നത്. അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്ത് കൊടുക്കുന്നതാണ്! ഇന്ന് 1392 ശഅ്ബാൻ 20 (1973 ജനുവരി 17)ാം തീയതിയാണ്. ചാന്ദ്രിക വർഷം അനുസരിച്ച് വിനീതൻ 79-ാം വർഷത്തിൽ പ്രവേശിച്ചിരിക്കു കയാണ്. അല്ലാഹു പാപങ്ങൾ തിരുത്താനും നഷ്ടങ്ങൾ നികത്താനും വലിയ അവസരമാണ് എനിക്ക് നൽകിയത്. 936 മാസങ്ങൾ, 27500-ൽ പരം രാപകലുകൾ, ഇവയ്ക്കിടയിൽ അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്ര ഹങ്ങൾ എന്നിവ ലഭിച്ചിട്ടും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താനോ പരലോകത്തിനുവേണ്ടി വല്ല തയ്യാറെടുപ്പുകൾ നടത്താനോ സാധിച്ചിട്ടില്ല. പാപങ്ങളുടെ കൂമ്പാരം മുന്നിൽ കാണപ്പെടു കയും ചെയ്യുന്നു. ഇത്തരുണത്തിൽ അമ്പരപ്പിന്റെയും ദുഃഖത്തിന്റെയും സമുദ്രത്തിൽ മുങ്ങിക്കിടന്നുകൊണ്ട് വിളിച്ചുപറയട്ടെ: അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം അവനിലേക്ക് തന്നെ അഭയം തേടലാണ്! അല്ലാഹു വലിയ കരുണയുള്ളവനാണ്. പശ്ചാ ത്തപിക്കുന്നവരുടെ തിന്മകൾ നന്മകളാക്കി മാറ്റിമറിക്കുന്നവനാണ്!! രക്ഷിതാവേ, നിന്റെ മഹത്വത്തിനനുസരിച്ച് എന്നോട് പെരുമാറേണമേ. എന്റെ അർഹതയ്ക്കനുസരിച്ച് എന്നോട് പെരുമാറരുതേ!!!

**1.** എന്റെ മക്കൾ, കുടുംബം, സുഹൃത്തുക്കൾ തുടങ്ങി എല്ലാ സഹോദരങ്ങളോടും ഞാൻ വസിയ്യത്ത് ചെയ്യുന്നു: ജീവിതത്തിലെ ഓരോ നിമിഷത്തെയും അസുലഭവും അമൂല്യവുമായ അവസരമായി കാണുക. ഇഹലോകം മുഴുവനും കൊടുത്താലും കഴിഞ്ഞുപോയ നിമിഷങ്ങൾ ലഭിക്കുന്നതല്ല. ഇവ ഉപയോഗിച്ച് അല്ലാഹുവിന്റെ പൊരുത്തവും സ്വർഗ്ഗത്തിന്റെ നിരന്തര അനുഗ്രഹങ്ങളും നേടിയെ ടുക്കാൻ പരിശ്രമിക്കുക. പടച്ചവന്റെ അനുഗ്രഹങ്ങൾ നന്ദികേടിന്റെ വഴിയിൽ ചിലവഴിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. പടച്ചവന്റെ ഇഷ്ടത്തേക്കാൾ മനസ്സിന്റെ താൽപ്പര്യത്തിനും ഭൗതിക സുഖത്തിനും

മുൻഗണന കൊടുക്കരുത്. ജീവിതത്തിലെ ഓരോ നിമിഷത്തെയും വില മതിക്കുക. കഴിഞ്ഞുപോയ വിഴ്ചകളിൽ ദു:ഖിക്കുകയും പശ്ചാത്ത പിക്കുകയും ഭാവികാല ജീവിതം നന്നാക്കാൻ ഉറച്ച തീരുമാനം എടു ക്കുകയും ചെയ്യുക. അനാവശ്യമായ സംസാരങ്ങളും പ്രവർത്തികളും സദസ്സുകളും പരിപൂർണ്ണമായി വർജ്ജിക്കുക. ജീവിത നിമിഷങ്ങളെ അളന്ന് മുറിച്ച് ശരിയായ കാര്യങ്ങളിൽ ചിലവഴിക്കാൻ ശ്രദ്ധിക്കുക. ഓരോ കാര്യങ്ങളും ചെയ്യുന്നതിന് മുമ്പ് പടച്ചവന് ഇഷ്ടമാണോ എന്ന് ആലോചിക്കുക. ഇഷ്ടമല്ലാത്തതാണെങ്കിൽ എന്ത് ത്യാഗം സഹിച്ചും ഉന്നത മന:ക്കരുത്തോടെ അതിൽ നിന്നും അകന്ന് മാറുക.

2. ദീനീ വിജ്ഞാനം കരസ്ഥമാക്കുന്നത് ജീവിതത്തിലെ പ്രധാന ലക്ഷ്യമായി കാണുക. എന്റെ മക്കളിൽ ഇൽമ് പഠിച്ചവർ ഒരിക്കലും അതുമായി ബന്ധപ്പെട്ട ജോലി ഉപേക്ഷിക്കരുത്. എപ്പോഴും വിദ്യാർ ത്ഥിയാണെന്ന് ഓർത്ത് വിജ്ഞാനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക. ഇൽമ് പഠിച്ച് പൂർത്തിയാക്കത്തവർ ഇൽമിന്റെ പരിശ്രമവുമായി ബന്ധപ്പെടേണ്ടതില്ല എന്ന് വിചാരിച്ച് മാറി നിൽക്കരുത്. അവരും കഴിയുന്നത്ര ഇൽമുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുക. പ്രത്യേകിച്ചും എന്റെ വഴികാട്ടിയായ ഹകീമുൽ ഉമ്മത്ത് മൗലാനാ അഷ്റഫ് അലി ഥാനവി رحمة الله عليه യുടെയും ഇതര മഹാന്മാരുടെയും രചനകൾ വായി ക്കുന്നതും വീട്ടുകാരെ വായിച്ച് കേൾപ്പിക്കുന്നതും പതിവാക്കുക. ഇതിലൂടെ മറ്റുള്ളവരിലും പരിവർത്തനം ഉണ്ടാകുന്നതും ദീനിയായ അന്തരീക്ഷം സംജാതമാകുന്നതുമാണ്. ഇപ്രകാരം ചെയ്തില്ലെങ്കിൽ അന്തരീക്ഷം മോശമാവുകയും സ്വന്തം ദീൻ അനുസരിച്ചുള്ള ജീവിതം പ്രയാസമാവുകയും ചെയ്യുന്നതാണ്. സമ്പൂർണ്ണ പണ്ഡിതനല്ലെങ്കിലും അറിവുള്ള കാര്യങ്ങൾ മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കാൻ പരിശ്ര മിക്കേണ്ടതാണ്.

3. വൈജ്ഞാനിക വിഷയങ്ങളിൽ അല്ലാഹുവിന്റെ ഇഷ്ട ദാ സന്മാരായ പണ്ഡിതരുമായിട്ടുള്ള ബന്ധവും സഹവാസവും വലിയ സൗഭാഗ്യമായി കാണുക. ദേവ്ബന്ദ് ഉലമാഅ് ഈ വിഭാഗത്തിൽ പെട്ടവരാണ്. ഇവരുടെ വിജ്ഞാനം ഗ്രന്ഥത്തിൽ മാത്രം ഒതുങ്ങുന്നതല്ല. സർവ്വ വിഷയങ്ങളിലും പടച്ചവനോടുള്ള ഭയവും പരലോക ചിന്തയും പ്രകടമാകുന്നതാണ്. ശരീഅത്തിൽ നിഷ്ഠയുള്ള ഏതെങ്കിലും മഹാ ന്മാരുടെ പരമ്പരയിൽ പെട്ട വിശിഷ്യാ ഹകീമുൽ ഉമ്മത്ത് മൗലാനാ അഷ്റഫ് അലി ഥാനവിയുടെ പിൻഗാമികളിൽ പെട്ട ഏതെങ്കിലും മഹാന്മാരുമായും ബൈഅത്ത് ചെയ്ത് ജീവിക്കുന്നത് വളരെ നല്ലതാണ്.

4. കുട്ടികൾ പരിശുദ്ധ ഖുർആൻ പരിപൂർണ്ണമായി നോക്കി

ഓതുകയും ദീനിന്റെ അടിസ്ഥാന വിഷയങ്ങൾ പഠിക്കുകയും ചെയ്യുന്നതുവരെ മറ്റൊരു ജോലിയുമായി അവരെ ബന്ധിപ്പിക്കരുത്. കുട്ടികളുടെ ശിക്ഷണത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തുക. അവരുടെ കർമ്മങ്ങളും സ്വഭാവങ്ങളും ഇസ്‌ലാമികമാക്കുക. കളവ്, വഞ്ചന, മോശമായ പെരുമാറ്റം ഇവകളിൽ നിന്നും അകറ്റി നിർത്താൻ പരിശ്രമിക്കുക. ഫർളുകളും സുന്നത്തുകളും അനുഷ്ഠിക്കുന്നതിൽ ശ്രദ്ധയുള്ളവർ ആക്കുക.

**5.** നമസ്ക്കാരം, നോമ്പ്, ഹലാൽ, ഹറാമുകൾ, ദീനീജീവിതം ഇവയിൽ നിന്നും അശ്രദ്ധരായി കഴിയുന്ന ആളുകളുടെ സഹവാസം വർജ്ജിക്കുക. മക്കളെയും ഇത്തരം ആളുകളുടെ സഹവാസത്തിൽ നിന്നും മാറ്റി നിർത്തുക. അവർ ബന്ധുക്കളോ പഴയ സുഹൃത്തുക്കളോ ആണെങ്കിൽ കടമകൾ നിർവ്വഹിക്കാൻ മാത്രം അവരുമായി ബന്ധപ്പെടുക. ദീനീ വിഷയങ്ങളിൽ സഹായികളായ ആളുകളുമായി മാത്രം സുഹൃത് ബന്ധം സ്ഥാപിക്കുക. ഇത്തരം ആളുകളുടെ സ്വഭാവങ്ങൾ പകർത്താൻ പരിശ്രമിക്കുക. ഇസ്‌ലാമിലെ പ്രധാന ബാധ്യതയാണ് നന്മ ഉപദേശിക്കലും തിന്മ തടയലും. എല്ലാ മുസ്‌ലിംകളുടെ മേലും കഴിവനുസരിച്ച് ഇത് കടമയാണ്. നമ്മുടെ ചുറ്റുവട്ടം നന്മ നിറഞ്ഞതാക്കുക എന്നതാണ് ഇതിൽ അടങ്ങിയിരിക്കുന്ന തത്വം.

**6.** മാന്യതയും ദീനീ ബോധവുമുള്ള കുടുംബങ്ങളിൽ പോലും സ്ത്രീകളുടെ മറയില്ലായ്മയും നഗ്നത വെളിവാക്കുന്ന വസ്ത്രങ്ങളും പ്രചരിച്ചുകൊണ്ടിരിക്കുന്നത് ഈ കാലഘട്ടത്തിലെ വലിയൊരു പ്രശ്നമാണ്. പർദ്ദയുള്ളവർ പോലും മുൻഗാമികളുടെ ഗൗരവം പുലർത്തുന്നില്ല. അന്യസ്ത്രീ-പുരുഷന്മാർ സ്വതന്ത്രമായി ഇടപഴകുന്ന അവസ്ഥ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇത് ഒരിക്കലും അനുവദനീയമല്ല. കുടുംബത്തിൽ മുഴുവനും അപകടകരമായ അവസ്ഥ ഇത് മൂലം ഉണ്ടാകുന്നതാണ്.

**7.** ഇസ്‌ലാമിക വേഷവിധാനങ്ങളും ആരാധനാ അനുഷ്ഠാനങ്ങളും പുലർത്താത്ത സ്ത്രീകളിൽ നിന്നും നമ്മുടെ സ്ത്രീകളെ മാറ്റി നിർത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സ്ത്രീകളുമായിട്ടുള്ള അടുപ്പം കൊല്ലുന്ന വിഷയമാണ്. നാം ബന്ധപ്പെടുന്നവർ ഒന്നുങ്കിൽ ദീനിയായ നിലയിൽ ജീവിക്കണം അല്ലെങ്കിൽ നാം അവരിൽ നിന്നും അകന്ന് മാറണം എന്നത് ഒരു ജീവിത ശൈലിയാക്കി മാറ്റുക.

**8.** ദീനിന് വിരുദ്ധമായ കാര്യങ്ങൾ അടങ്ങിയ രചനകൾ വായിക്കുന്നത് ഉപേക്ഷിക്കുക. നോവൽ, കഥകൾ മുതലായവ വീട്ടിൽ പ്രവേശിപ്പിക്കരുത്. ദീനി രചനകളിലും ഇൽമും തഖ്‌വയും ഉള്ള പണ്ഡിതന്മാർ തയ്യാറാക്കിയത് മാത്രമേ വായിക്കാൻ പാടുള്ളൂ. ഉറപ്പില്ലാത്ത

ആളുകളുടെ രചനകളും ഉറപ്പില്ലാത്തതായിരിക്കും. എന്നാൽ കുഴപ്പങ്ങൾ കണ്ടുപിടിച്ച് ജനങ്ങളെ ഉണർത്തുന്നതിന് പണ്ഡിതന്മാർക്ക് ഇവരുടെ രനചകൾ വായിക്കാവുന്നതാണ്.

**9.** എന്റെ ജീവിത കാലത്തും മരണാനന്തരവും എന്നെ ഓർമ്മ വരുമ്പോഴെല്ലാം എനിക്ക് മഗ്ഫിറത്തിന് ദുആ ചെയ്യണമെന്ന് എല്ലാ മഹാന്മാരോടും ശിഷ്യരോടും ബന്ധുക്കളോടും സുഹൃത്തുക്കളോടും വിനയത്തോടെ അപേക്ഷിക്കുന്നു.

**10.** ദിവസവും സൂറത്ത് യാസീൻ കുറഞ്ഞ പക്ഷം, ഖുൽഹുവല്ലാഹു മൂന്ന് പ്രാവശ്യം ഓതി സവാബ് എത്തിച്ച് തരണമെന്ന് അടുത്ത ബന്ധുമിത്രങ്ങളോട് അപേക്ഷിക്കുന്നു. ഇത് കാരണം അവർക്കും വലിയ പ്രതിഫലം ലഭിക്കുന്നതാണ്. ഇത് കൂടാതെ, കഴിയുന്നത്ര സാമ്പത്തികമായ ദാനങ്ങളും ആഹാര-വസ്ത്രങ്ങളും രഹസ്യമായ നിലയിൽ പടച്ചവന്റെ പൊരുത്തത്തെ കരുതി നിർവ്വഹിക്കണമെന്നും അഭ്യർത്ഥിക്കുന്നു. പേരും പെരുമയും ഔപചാരിക ആചാരങ്ങളും ഉപേക്ഷിക്കുക. അതുകൊണ്ട് മയ്യിത്തിനോ നന്മ ചെയ്തവർക്കോ ഒരു ഗുണവും ലഭിക്കുന്നതല്ല.

**11.** ഓരോ കാര്യങ്ങളിലും സുന്നത്തിനെ മുറുകെ പിടിക്കണമെന്നും ബിദ്അത്തുകളും ജാഹിലി ആചാരങ്ങളും പരിപൂർണ്ണമായി വർജ്ജിക്കണമെന്നും ഭൗതിക ചിന്തയേക്കാൾ പരലോക ചിന്തയ്ക്ക് മുൻഗണന കൊടുക്കണമെന്നും മുഴുവൻ ബന്ധുമിത്രങ്ങളെയും ഉപദേശിക്കുന്നു. സുന്നത്തിനെ അനുകരിക്കുന്ന പണ്ഡിതരെയും മഹത്തുക്കളെയും വലിയ അനുഗ്രഹമായി കാണുകയും അവരോടുള്ള സഹവാസത്തെയും സേവനത്തെയും വലിയ ഭാഗ്യമായി വിശ്വസിക്കുകയും ചെയ്യുക. അവരിൽ മാനസികമായി അടുപ്പവും യോജിപ്പും ഉള്ളവരുമായി ബന്ധം സ്ഥാപിക്കുക. യോജിപ്പ് ഇല്ലാത്തവരെക്കുറിച്ച് തെറ്റിദ്ധാരണയും മോശമായ സംസാരവും ഒഴിവാക്കുക. വിശിഷ്യാ ഇതര നന്മകളും ദീനി സേവനങ്ങളുമായി ബന്ധപ്പെട്ടവരെക്കുറിച്ച് പരദൂഷണം പറയുന്നത് കൊല്ലുന്ന വിഷമാണ്.

**12.** ഇന്ന് നമ്മുടെ സമൂഹം മുഴുവനും വളരെ വേഗതയിൽ ദീനിൽ നിന്നും സുന്നത്തിൽ നിന്നും തെറ്റിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ഒരിക്കലും ഇതുപോലുള്ള അവസ്ഥ ഉണ്ടായിട്ടില്ല. സമൂഹത്തിലുണ്ടായ ഈ മാറ്റം കാരണം ആരെങ്കിലും നന്മകളിൽ ഉറച്ച് നിൽക്കാൻ ആഗ്രഹിച്ചാൽ പോലും നടക്കാത്ത സാഹചര്യം സംജാതമായിരിക്കുന്നു. പരസ്പരമുള്ള ബന്ധങ്ങളിൽ ഇസ്ലാമിക നിയമങ്ങൾ പാലിക്കുകയും നന്മ ഉപദേശിക്കുകയും തിന്മ തടയുക

യും ചെയ്യുക മാത്രമാണ് ഇതിനുള്ള ഏക പരിഹാരം. പ്രത്യേകിച്ചും സ്വന്തം കുടുംബത്തിന്റെയും അയൽവാസികളുടെയും നന്മയ്ക്കുവേണ്ടി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യാൻ കൂടുതലായി ശ്രദ്ധിക്കേണ്ടതാണ്. പാശ്ചാത്യ ലോകത്ത് നിന്നും പ്രവഹിച്ചുകൊണ്ടിരിക്കുന്ന നിരീശ്വരവാദവും ലജ്ജയില്ലായ്മയും ജലപ്രളയം പോലെ ഇസ്‌ലാമിക ലോകത്ത് പരന്ന് കഴിഞ്ഞു. ചുറ്റുവട്ടത്തെ നന്നാക്കാൻ പരിശ്രമിക്കുക മാത്രമാണ് ഈ സാഹചര്യത്തിൽ സ്വന്തം ഈമാനിൽ ഉറച്ച് നിൽക്കാനുള്ള ഏകവഴി. നഗ്നതാ പ്രദർശനവും ലജ്ജയില്ലായ്മയും യുവസമൂഹത്തിൽ വളരെയധികം പ്രചരിച്ചതിനാൽ നല്ല മക്കൾക്ക് യോജിച്ച വധൂവരന്മാരെപ്പോലും ലഭിക്കാത്ത സാഹചര്യം സംജാതമായിരിക്കുന്നു. ദീനുമായി ബന്ധമുള്ളവർ പോലും ഭൗതിക കാര്യങ്ങളിലേക്ക് നോക്കാനും ദീനിന്റെയും സ്വഭാവത്തിന്റെയും മൂല്യങ്ങളെ അവഗണിക്കാനും നിർബന്ധിതരായിക്കൊണ്ടിരിക്കുന്നു. അത്തരുണത്തിൽ എന്റെ അവസാനത്തെ പ്രധാനപ്പെട്ട വസിയ്യത്ത് ഓരോ സഹോദരങ്ങളും പരിസരത്തെ നന്നാക്കാൻ അങ്ങേയറ്റം പരിശ്രമിക്കണം എന്നുള്ളതാണ്. ധാരാളം വീടുകളിൽ മാതാപിതാക്കൾ ദീനുള്ളവരാണെങ്കിലും മക്കൾക്ക് ദീനില്ല. ചില വീടുകളിൽ ഭാര്യഭർത്താക്കന്മാരും ഒരാളുടെ ദീനി അവസ്ഥയോട് മറ്റുള്ളവർക്ക് യോജിപ്പില്ല. ഈ പരീക്ഷണം വ്യാപകമായിക്കൊണ്ടിരിക്കുന്നു. പരസ്പരം ഭിന്നതയും വെറുപ്പും ശത്രുതയും ഉണ്ടാകുന്നു എന്നതാണ് ഈ പരീക്ഷണത്തിന്റെ ആദ്യത്തെ നാശം. ഈ വെറുപ്പിന്റെ അംശങ്ങൾ പരമ്പരകളിലും പ്രവേശിക്കുന്നതാണ്. ദീൻ അനുസരിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നവരുടെ ജീവിതം വലിയൊരു ഭാരമായി മാറുന്നു എന്നതാണ് രണ്ടാമത്തെ നാശം. ഇവർക്ക് ഓരോ ചുവടുകളിലും പ്രശ്നങ്ങൾ തടസ്സം സൃഷ്ടിക്കുന്നു. മുഴുവൻ പ്രശ്നങ്ങളെയും മറി കടന്നാലും മറ്റുള്ളവരിൽ യാതൊരു മാറ്റവും ഉണ്ടാകാതെ ശത്രുത അതേപടി തുടരുകയും ചെയ്യുന്നു.

ഈ വിഷയത്തിൽ ബന്ധുമിത്രങ്ങളോട് കൂടുതൽ കടുപ്പം കാണിക്കുന്നതും ശരിയല്ല. കടുപ്പത്തിലൂടെ കാര്യങ്ങൾ കുഴയുന്നതാണ്. ഇവിടെ ചില കാര്യങ്ങൾ കുറിക്കുന്നു. അത് പാലിക്കാൻ ഓരോരുത്തരും ഉറച്ച തീരുമാനം എടുക്കുക. കുടുംബ മിത്രങ്ങളോട് വളരെ സ്നേഹത്തിലും തന്ത്രജ്ഞതയിലും ഉപദേശങ്ങൾ തുടരുകയും ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവസ്ഥ വളരെ മോശമാകുന്നതിൽ നിന്നും ഒരു പരിധിവരെ പിടിച്ച് നിൽക്കാൻ സാധിക്കുന്നതാണ്. * ജമാഅത്ത് നമസ്ക്കാരത്തിൽ കൃത്യനിഷ്ഠ പുലർത്തുകയും മക്കളെയും ബന്ധുക്കളെയും സുഹൃത്തുക്കളെയും ഇതിന്

ഉണർത്തിക്കൊണ്ടിരിക്കുകയും ചെയ്യുക. സ്ത്രീകൾ ആദ്യസമയത്ത് തന്നെ നമസ്ക്കരിക്കുന്നത് പതിവാക്കുക. ബാങ്ക് കൊടുത്താലുടൻ സർവ്വ ജോലികളും നിർത്തിവെച്ച് നമസ്ക്കാരത്തിലേക്ക് തിരിയുക. സമയക്രമങ്ങൾ നമസ്ക്കാരത്തിന് അനുസൃതമാക്കുക. * സുബ്ഹി നമസ്ക്കാരത്തിന് ശേഷം മുതിർന്നവരും കുട്ടികളും സ്ത്രീകളും പുരുഷന്മാരുമായ എല്ലാവരും അൽപ്പമെങ്കിലും ഖുർആൻ ഓതുന്നത് പതിവാക്കുക. അതിന് മുമ്പ് ഒരു കാര്യവുമായി ബന്ധപ്പെടരുത്. * നഗ്നതാ പ്രദർശനത്തെ ഒരു നിലയ്ക്കും സഹിക്കാതിരിക്കുക. വിവാഹ പരിപാടികളിൽ ഇത് വളരെയധികം ഗൗനിക്കുക. * ഫാഷൻ ഭ്രമത്തെയും പാശ്ചാത്ത്യ ജീവിത ശൈലിയെയും ഒരു ശാപവും വിഷവുമായി കാണുകയും സമൂഹത്തെ മുഴുവൻ ലളിത ജീവിതത്തിന് പ്രേരിപ്പിക്കുകയും കാര്യങ്ങളെല്ലാം ലളിതമാക്കി ശീലിക്കുകയും ചെയ്യുക. * പലിശ, മദ്യപാനം, നൃത്തം, ഗാനമേള മുതലായ പരസ്യ പാപങ്ങളിൽ നിന്നും സ്വയം അകലുകയും മക്കളെ അകറ്റി നിർത്തുകയും ചെയ്യുക.

ഓരോ കുടുംബക്കാരും കൂടിയിരുന്ന് ഈ വിഷയത്തിൽ പരസ്പരം നല്ല തീരുമാനങ്ങൾ എടുക്കുകയും ഇത് പാലിക്കാത്തവരെ മയമായ നിലയിൽ തിരുത്താൻ പരിശ്രമിക്കുകയും ചെയ്യുക. നിസ്സഹകരണവും ബന്ധം മുറിക്കലും പാടില്ല. ഇതിലൂടെ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതാണ്. മറിച്ച് നിരന്തരം പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുക.

അവസാനമായി ഒരു കാര്യം കൂടി കുറിക്കുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തിക കാര്യങ്ങളിൽ വലിയ സൂക്ഷ്മത പുലർത്താൻ എപ്പോഴും വിനീതൻ പരിശ്രമിക്കാറുണ്ട്. ബാധ്യതയുള്ളവർക്ക് കൊടുത്ത് വീടുകയോ അതിനുള്ള ഏർപ്പാട് നടത്തുകയോ ചെയ്തിട്ടുണ്ട്. എന്നിട്ടും ആർക്കെങ്കിലും സാമ്പത്തിക ബാധ്യത നൽകാനുണ്ടായിരിക്കുകയും ഞാൻ മറന്ന് പോവുകയും ചെയ്തിട്ടുണ്ടെങ്കിൽ ദയവ് ചെയ്ത് എന്നെ അറിയിക്കേണ്ടതാണ്. അതിന് പരിഹാരം നിർവ്വഹിക്കുന്നതാണ്.

സാമ്പത്തികമല്ലാത്ത ധാരാളം ബാധ്യതകളിൽ എന്നിൽ നിന്നും വീഴ്ച സംഭവിച്ചിരിക്കാൻ സാധ്യതയുണ്ട്. നേരിട്ടോ അല്ലാതെയോ ആരുടെയെങ്കിലും മനസ്സ് വേദനിപ്പിച്ചിരിക്കാം. ഇത്തരം മുഴുവൻ ആളുകളോടും അങ്ങേയറ്റം വിനയത്തോടെ ഒരു കാര്യം അപേക്ഷിക്കുന്നു: നിങ്ങൾ എന്നോട് ന്യായമായ പ്രതികാരം ചെയ്യുകയോ പടച്ചവനുവേണ്ടി മാപ്പ് ചെയ്യുകയോ ചെയ്യുക. നിങ്ങൾ പരലോക വിചാരണയിൽ നിന്നും എന്നെ ഒഴിവാക്കിയതിന് രണ്ട് രൂപത്തിലും ഞാൻ നന്ദിരേഖപ്പെടുത്തുന്നതാണ്.

വിനീതന് വൈജ്ഞാനിക രാഷ്ട്രീയ വീക്ഷണ വിഷയങ്ങളിൽ ചിലരുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ആദരണീയ ഗുരുനാഥൻ ഹകീമുൽ ഉമ്മത്തിനെപ്പോലെ ഈ അഭിപ്രായ വ്യത്യാസങ്ങൾ അതിന്റെ പരിധിയിൽ മാത്രം ഒതുക്കാനും വ്യക്തികളിലേക്ക് ഒരിക്കലും കടക്കാതിരിക്കാനും വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്. എന്നാലും അവിചാരിതമായിട്ടാണെങ്കിലും വാക്കിലോ എഴുത്തിലോ പരിധിവിട്ട് പോകാനും അത് കാരണം ആരുടെയെങ്കിലും മനസ്സ് വേദനിച്ചിരിക്കാനും സാധ്യതയുണ്ട്. അവരോടും മേൽപ്പറഞ്ഞ അപേക്ഷ ആവർത്തിക്കുകയാണ്. മാപ്പ് ചോദിക്കുന്നതിന്റെയും മാപ്പ് ചോദിക്കുന്നവർക്ക് മാപ്പ് കൊടുക്കുന്നതിന്റെയും മഹത്വവും കുറ്റം ചെയ്തിട്ടും മാപ്പ് ചോദിക്കാത്തതിന്റെയും മാപ്പ് ചോദിക്കുന്നവർക്ക് മാപ്പ് കൊടുക്കാത്തതിന്റെയും ഗൗരവവും റസൂലുല്ലാഹി (സ) ധാരാളമായി വിവരിച്ചിട്ടുണ്ട്. ആകയാൽ എല്ലാവരും മാപ്പാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇപ്രകാരം മാപ്പ് നൽകിയതിന് ശേഷം വളരെയധികം സ്നേഹത്തിലും സൗഹൃദത്തിലും കഴിയണമെന്ന് നിർബന്ധമില്ല എന്ന കാര്യം കൂടി കൂട്ടത്തിൽ ഉണർത്തുന്നു. ആകയാൽ മാപ്പ് ചോദിക്കുന്നത് കൊണ്ടുള്ള ഉദ്ദേശം എന്നോടുള്ള സ്നേഹ ബന്ധം വർദ്ധിപ്പിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യണം എന്നതല്ല. ഉത്തരവാദിത്വത്തിൽ നിന്നും എന്നെ ഒഴിവാക്കണം എന്നതുമാത്രമാണ്.

മറ്റുള്ളവരോട് മാപ്പ് ചോദിക്കുന്നതുപോലെ പുണ്യഹദീസുകൾക്ക് അനുസൃതമായി പടച്ചവന്റെ പൊരുത്തം പ്രതീക്ഷിച്ചുകൊണ്ട് സാമ്പത്തികമല്ലാത്ത മുഴുവൻ ബാധ്യതകളും എല്ലാവർക്കും വിനീതൻ മാപ്പാക്കിയിരിക്കുന്നു. സാമ്പത്തിക ബാധ്യതകൾ തന്ന് വീടാൻ കഴിവില്ലാത്തവർ വിനീതനുമായി ബന്ധപ്പെടേണ്ടതാണ്. ഇൻ ഷാ അല്ലാഹ് എന്തെങ്കിലും എളുപ്പ വഴി ആലോചിച്ച് തീരുമാനിക്കാൻ സാധിക്കും. എല്ലാവരുടെയും ദുആക്കൾ ഒരിക്കൽ കൂടി പ്രതീക്ഷിക്കുന്നു. അല്ലാഹു എല്ലാവർക്കും ഉന്നത പ്രതിഫലം നൽകട്ടെ.

വിനീതൻ മുഹമ്മദ് ശഫീഅ്
അഫല്ലാഹു അൻഹു
1392 ജമാദുൽ അവ്വൽ 14